# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 7 പേജുകൾ 43 ഒക്ടോബർ 2021



- സമകാലികം
- ലങ്കൻ അത്ഭുതം
- കാർട്ടൂൺ കേരളം
- കവിതകൾ
- കഥകൾ

മുഖച്ചിത്രം: അദ്വൈത സുരേഷ്

# എഡിറ്റേഴ്സ് പേജ്




**അദ്വൈത സുരേഷ്:** ബാംഗളൂർ ജെയിൻ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ് കമ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ മാസ്റ്റർ ബിരുദം. മോഡലിംഗിലും ഉപകരണ സംഗീതത്തിലും താൽപ്പര്യം. പാലക്കാട് സ്വദേശി.

---


ഓഫീസ്:

**വ്യാപാരകേരളം**

(സമ്പൂർണ മാസിക)

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**




രണ്ടാമത് സിആർപി പണിക്കർ സ്മാരക കവിതാ പുരസ്കാരങ്ങൾ ഒക്ടോബർ മൂന്നിന് തൃശൂരിൽ സമ്മാനിക്കും. ഉന്നത വിദ്യാഭ്യാസമന്ത്രി പ്രൊഫ. ഡോ. ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖനാണ് പുരസ്കാരങ്ങൾ നൽകുക. ധന്യ വേങ്ങച്ചേരി, മുനീർ അഗ്രഗാമി, റീന വി., ബഷീർ മുളിവയൽ, അനുശ്രീ ചന്ദ്രൻ എന്നിവരാണ് കവിതാ പുരസ്കാര ജേതാക്കൾ.

ഷേർലി തോമസ്, ശ്യാം തറമേൽ, പൗർണമി വിനോദ്, ജിപ്സ വിജീഷ്, രജനി സുരേന്ദ്രൻ എന്നിവർക്ക് പ്രത്യേക പുരസ്കാരവും നൽകും.

പ്രഥമ കവിതാ പുരസ്കാരം ഏഴുപേർക്ക് പോയവർഷം സമ്മാനിച്ചിരുന്നു. ഒരു പുരസ്കാരം അതിനൊപ്പം ചേർക്കപ്പെടുന്ന തുക സംഖ്യകളുടെ ബാഹുല്യത്താൽ പലപ്പോഴും കൂടുതൽ ശ്രദ്ധ നേടാറുണ്ട്. മാസിക ലക്ഷ്യം വെക്കുന്നത് അത്തരത്തിലുള്ള ആഢംബര പുരസ്കാര സമർപ്പണമല്ല. എഴുത്തിടത്ത് പ്രതിഭയുടെ തെളിച്ചം വിതച്ചവർക്ക് ആത്മബലം പകരുക എന്നതത്രേ ഈ പുരസ്കാരത്തിന്റെ ഏക ന്യായം.

ജൂറി വിലയിരുത്തിയതുപോലെ, പുതിയ ആഖ്യാനശൈലിയും പുതിയ കാവ്യഭാഷയും രൂപം കൊള്ളുന്നിടത്തെ ഇടനിലക്കാരാകുക എന്ന ദൗത്യമാണ് മാസിക പ്രവർത്തകർ ഏറ്റെടുക്കുന്നത്. മലയാള കവിതയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ, ശ്രേഷ്ഠ സംഭാവനകൾ കൈരളിക്ക് സമ്മാനിക്കാൻ കെൽപ്പുള്ളവരെ സുതാര്യമായ വിധം കണ്ടെത്തുകയെന്ന ഈയാണ്ടിലെ ദൗത്യം പൂർത്തീകരിക്കാനായതിൽ മാസിക പ്രവർത്തകർ കൃതാർത്ഥരാണ്. പിന്തുണ നൽകിയ ജൂറി അംഗങ്ങളോടും കവിതകൾ അയച്ച രചയിതാക്കളോടും നന്ദി അറിയിക്കുന്നു.

രണ്ടാമത് കവിതാ പുരസ്കാരം, കവിയും അധ്യാപകനുമായിരുന്ന സിആർപി പണിക്കര് മാഷിന്റെ നാമധേയത്തിലാണ് പ്രഖ്യാപിച്ചത്. ഏറെ എഴുതിയിട്ടും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ പണിക്കര് മാഷിനെ സ്മരിക്കുന്നു. ഗുരുസ്ഥാനീയന് പ്രണാമം.

**-സി.ആർ.രാജൻ,**
എഡിറ്റർ




രാജേശ്വരി തുളസി

## അകത്താളുകളിൽ


**കാർട്ടൂൺ കേരളം**
രാജേശ്വരി തുളസി: പേജ് 3
**ലേഖനം/പംക്തി**
സ്കൂൾ ബെൽ: ഫ്രാങ്കോ ലൂയിസ്: പേജ് 7
ലങ്കൻ അത്ഭുതം: തേജശ്രീ: പേജ് 12

**കഥ**
രാജേശ്വരി തോന്നയ്ക്കൽ പേജ് 10
ഹരിഹരൻ സി.പി. പേജ് 19
പ്രദീഷ് കുഞ്ചു പേജ് 26
ജസ്ന ഖാനൂൻ പേജ് 37
റസിയ പയ്യോളി പേജ് 40
**കവിത**
സെയ്തലവി വിളയൂർ പേജ് 4
ബൈജു റാഫേൽ ആലുവ പേജ് 5
ബിന്ദു കല്ലൂർ പേജ് 6
എ.കെ.അനിൽകുമാർ പേജ് 11
കയ്യുമ്മു കോട്ടപ്പടി പേജ് 15
രാജു കാഞ്ഞിരങ്ങാട് പേജ് 16
ബഷീർ മുളിവയൽ പേജ് 17
മായ ബാലകൃഷ്ണൻ പേജ് 23
കെ.ടി.എ. ഷുക്കൂർ മമ്പാട് പേജ് 24
യൂസഫ് നടുവണ്ണൂർ പേജ് 25
സരസ്വതി കെ.എം. പേജ് 32
കൃഷ്ണകുമാർ മാപ്രാണം പേജ് 33
ബിന്ദു പത്മകുമാർ പേജ് 34
ദിവ്യ സതീഷ് പേജ് 35
അലിഷ മാഹിൻ പേജ് 36
കെ.സന്തോഷ് പേജ് 38
ശഫീഖ് അബ്ദുല്ല പേജ് 39

കവിത



# കുര

പുകവലിക്കാരന്റെ
ശ്വാസകോശങ്ങളുടെ
മാതൃഭാഷ
കുരയായിരിക്കും..
കുളങ്ങളിൽ
സ്വാതന്ത്ര്യമാഘോഷിക്കുന്ന
പെൺ മാറുകൾക്ക്
മുന്നറിയിപ്പ് നൽകാറുണ്ട്
ആൺകുരകൾ..
ഏറിക്കൊണ്ടിരിക്കുന്ന പ്രായം
മരുന്ന് ഗന്ധമുള്ള മുറിയിൽ
എപ്പോഴും കുരകളെ
പ്രസവിച്ചു കൊണ്ടിരിക്കും..
വേദിയിൽ ഉരുവിടുന്ന
വാക്കുകൾക്കു മുന്നെ
കുരയൊരു റിഹേഴ്സൽ നടത്തും..
ഊഴമാകുമ്പോൾ
ഭയവും പ്രതീക്ഷയും
ഇടകലർന്ന കുരകൾ
തുരുതുരെ പിറന്നു കൊണ്ടിരിക്കും..
പാതിരാവിലും
ഏകാന്തതയിലും
ഉറക്കം കെടുത്താറുണ്ട്
ചില ആളില്ലാ കുരകൾ..
ഒരു പ്രകോപനവുമില്ലാതെ
സകലരുടെ മേലിലും
വെറുതെ കുതിച്ചു ചാടുന്ന
കുരകളുമുണ്ട്..
ഒരാളുടെ ശ്രദ്ധ ക്ഷണിക്കാൻ
ഒരാളെ പരിഹസിക്കാൻ
താക്കീത് നൽകാൻ
എല്ലാറ്റിനുമുപയോഗിക്കാവുന്ന
നിഘണ്ടുവിലെ
നാനാർത്ഥമുള്ള
ഒരേയൊരു വാക്ക്
കുരയാണ്..
കുരയൊരു
അറിയിപ്പാണ്
തയ്യാറെടുപ്പാണ്
രോഗമാണ്
ധാർഷ്ട്യമാണ്..



സെയ്തലവി വിളയൂർ





ബൈജു റാഫേൽ ആലുവ

# മുന്നേ പറന്നവർ

ആത്മഹത്യ ചെയ്തവരുടെ അവസാനവരികൾ വായിച്ചിട്ടുണ്ടോ?
ആ വരികളിൽ എന്തായിരിക്കും അടയാളപ്പെടുത്തിയിട്ടുണ്ടാകുക

എഴുതുവാനെറെയുണ്ടായിട്ടും ജീവിതമെന്ന കവിതയ്ക്ക്
പൂർണ്ണവിരാമം കുറിച്ച്
കുന്നിറങ്ങിപ്പോയവർ
എത്രവട്ടം
തിരിഞ്ഞുനോക്കിയിട്ടുണ്ടാകാം

അവരുടെ സ്വപ്നങ്ങൾ മഞ്ഞായി പെയ്ത്
മണ്ണിനെ നനച്ചുകൊണ്ടേയിരിക്കും
അവരുടെ ഓർമ്മകൾ ഏതോ
വിഷാദരാഗമായി നമ്മിൽ തോരാതെ പെയ്യും

ഉൾക്കടൽ തിരയാൽ ചിന്നിച്ചിതറിയ ശിലകൾ അതേകടലിൽ
അലിഞ്ഞുചേരാതെ എങ്ങോട്ടൊഴുകാൻ

അവർ ബാക്കിവച്ച ആഗ്രഹങ്ങളായിരിക്കാം
പൂമ്പാറ്റയായി പിറക്കുന്നത്

കനൽക്കാറ്റിന്റെ പിറകെപോയ അവരുടെ കല്ലറയിൽ
പൂവും മെഴുകുതിരിയും വേണ്ട
അവരുടെ ഹൃദയമിരിക്കുന്നിടത്ത്
ഒരു പൂച്ചെടി തന്നെയുണ്ടാകും

ജീവിച്ചിരിക്കുന്നവരേക്കാൾ
ജീവിതത്തെ സ്നേഹിച്ചവർ
ആത്മഹത്യചെയ്തവർ
തന്നെയായിരിക്കണം.

# യക്ഷിപ്പേച്ചുകൾ



ബിന്ദു കല്ലൂർ

ഉപ്പു തിരുമ്മിയൊഴിക്കുന്ന
മുറിവിന്റെ പാത്രം
മണ്ണിലൊളിച്ചിരുന്നു.

ആരും നടക്കാതെ
വഴികളിരുട്ടിലാവുമ്പോൾ
മണ്ണിലാ പാത്രം കലമ്പും.
പതിയെ തുറന്നു
അതിനുള്ളിലെ ഞാൻ
പുറത്തു കടക്കും.

പതിനായിരം ചാട്ടയടികൾക്ക് ഒരുമിച്ച്
ജീവൻ വെക്കും.
കണ്ണുകൾ മുളക്കും.
ഉടലിലവ ഉരുമ്മിപ്പിടിക്കുമ്പോൾ
ഞാൻ അരൂപിയാവും.
അലറി വിളിക്കും.



അന്നേരം ഞാനെന്നെ വിളക്കിച്ചേർക്കാൻ
ഒരു തരി പ്രാണൻ
മണ്ണിൽ തിരഞ്ഞു തുടങ്ങും.

കരയിൽ പിടയുന്ന
നിഴലിന്റെയറ്റത്തു
കഴുകന്മാർ ആഞ്ഞു
കൊത്തിതുടങ്ങും.
ചിരപരിചിതമായ
വാക്കുകൾക്കു മേലെ
നാവ് പിഴുതു മാറ്റും.

മിണ്ടാതിരിക്കുവാനാവില്ലെന്ന്
ഉള്ളിൽ നിലവിളി പൊങ്ങും.

പാതിരാവിൽ നിലാവ് പരക്കുമ്പോൾ,
പേടികളെല്ലാം ഒഴിയുവാൻ
കെട്ടിയ ചരടിൽ
കൈ ചേർത്തഴിക്കും.
വഴിപോക്കർക്ക് വഴി തെളിക്കാൻ കൈകൾ നീട്ടും.

നീട്ടിയ കൈകളിൽ
കയറിപ്പിടിച്ചു
തണുപ്പേറ്റവർ നിലവിളിച്ചോടും.
ഞാൻ മുടിയഴിച്ചിട്ട് ചിരിച്ചു തളരും.

പകൽ വെളുക്കുമ്പോൾ
മൺവഴികളിലൂടെ
മുറിവുപാത്രത്തിലേക്ക്
നിറഞ്ഞിരിക്കും.



# സ്കൂൾ ബെൽ



ഫ്രാങ്കോ ലൂയിസ്

ഒന്നര വർഷത്തിനുശേഷം വിദ്യാലയമുറ്റങ്ങൾ ഉണരുകയാണ്. കേരളപ്പിറവിയായ നവംബർ ഒന്നിനു സ്കൂളുകൾ തുറക്കും. വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസുകളുമായി മടുത്ത വിദ്യാർഥികൾക്ക് ആവേശവും ആനന്ദവും പകരുന്ന തീരുമാനം. നഷ്ടപ്പെട്ട കാമ്പസ് അനുഭവങ്ങളുടെയും സൗഹാർദത്തിന്റേയും വിശാലമായ ലോകം തുറന്നുകിട്ടുന്നത് ആഹ്ലാദകരംതന്നെ. വിദ്യാർഥികളുടെ വിജ്ഞാന ചക്രവാളങ്ങളെ കൂടുതൽ ചൈതന്യോജ്വലമാക്കാൻ ഇത് അനിവാര്യമാണ്.

സ്കൂളുകളും കോളജുകളും തുറക്കുമ്പോൾ ആശങ്കയുള്ള ഒരു കൂട്ടരുണ്ട്. മക്കളെ സ്കൂളിലേക്ക് അയക്കുന്ന മാതാപിതാക്കൾ. കോവിഡിന്റെ മൂന്നാം തരംഗത്തിൽ മക്കളും അതുവഴി കുടുംബാംഗങ്ങളും രോഗബാധിതരാകുമോയെന്നാണ് അവരുടെ ഭീതി. പല കുടുംബത്തിലും പ്രായമുള്ളവരും കൊച്ചുകുട്ടികളും ഉണ്ട്. വിദ്യാലയങ്ങളിൽ പോയിവരുന്ന കുട്ടികൾ ഇവരെല്ലാവരുമായി അടുത്ത് ഇടപഴകുന്നവരായിരിക്കും. വീട്ടിലെ മുതിർന്നവർ മിക്കവരും കോവിഡ് വാക്സിൻ സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ 18 വയസിനു താഴെയുള്ള കുട്ടികൾക്കു ലഭിച്ചിട്ടില്ല.

**രോഗം പകരാതിരിക്കാൻ സ്വയം ജാഗ്രത പാലിക്കുകയാണു മുഖ്യമായും വേണ്ടത്. സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക, ഇടക്കിടെ കൈകൾ സോപ്പിട്ടു കഴുകുക എന്നിങ്ങനെയുള്ള സുരക്ഷാ മുറകൾ ഉറപ്പാക്കണം. ഒപ്പം, പ്രതിരോധ ശേഷി വർധിപ്പിക്കാനുതകുന്ന വൈറ്റമിൻ സി, ഡി എന്നിവ ഉറപ്പാകുകയും വേണം.**

രോഗം പകരാതിരിക്കാൻ സ്വയം ജാഗ്രത പാലിക്കുകയാണു മുഖ്യമായും വേണ്ടത്. സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക, ഇടക്കിടെ കൈകൾ സോപ്പിട്ടു കഴുകുക എന്നിങ്ങനെയുള്ള സുരക്ഷാ മുറകൾ ഉറപ്പാക്കണം. ഒപ്പം, പ്രതിരോധ ശേഷി വർധിപ്പിക്കാനുതകുന്ന വൈറ്റമിൻ സി, ഡി എന്നിവ ഉറപ്പാകുകയും വേണം.

രോഗവ്യാപനം തടയാൻ സർക്കാർതന്നെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമേ ക്ലാസുണ്ടാകൂ. ക്ലാസുകൾ ഉച്ചവരെയായി പരിമി

തപ്പെടുത്തും. ഓരോ ബഞ്ചിലും രണ്ടു പേരെ മാത്രമേ അനുവദിക്കൂ. ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാൻ അനുവദിക്കില്ല. ഇങ്ങനെയുള്ള കൂടുതൽ മാർഗരേഖകൾ വരാനിരിക്കുന്നതേയുള്ളൂ. എന്തെല്ലാം ചെയ്യാം, അരുതാത്തത് എന്തെല്ലാം തുടങ്ങിയ കാര്യങ്ങളിൽ വിദ്യാർഥികൾക്കു ബോധവത്കരണവും നടത്തും.



*ആര്യ രാജേന്ദ്രൻ, തിരുവനന്തപുരം മേയർ*

എന്തെല്ലാമായാലും വിദ്യാലയങ്ങൾ തുറക്കുമ്പോൾ ഏറ്റവും ക്ലേശിക്കേണ്ടിവരുന്നത് അധ്യാപകരാണ്. എല്ലാ ദിവസവും സ്കൂളിൽ എത്തണം, ഓൺലൈൻ ക്ലാസ് തുടരുകയും വേണം. ഒരേ ക്ലാസിലെ കുട്ടികളെ രണ്ടു ബാച്ചുകളായി തിരിക്കും. ഒന്നിടവിട്ട് ബാച്ചു ബാച്ചായിട്ടാണ് ക്ലാസ്. ഒരേ പാഠ്യഭാഗം രണ്ടു തവണ പഠിപ്പിക്കേണ്ടിവരും. അധ്യാപകർ ഇക്കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യേണ്ടത് എങ്ങനെയന്നു വിദ്യാഭ്യാസ വകുപ്പ് മാർഗനിർദേശം പുറത്തിറക്കുന്നുണ്ട്.



ഒന്നര വർഷമായി അടച്ചിട്ടിരുന്ന വിദ്യാലയങ്ങളെ അറ്റകുറ്റപ്പണി നടത്തി സജ്ജമാക്കണം. പൊടിപിടിച്ചും മാറാലകൾ നിറഞ്ഞുമുള്ള ക്ലാസ് മുറികളും ബഞ്ചും ഡസ്കുമെല്ലാം ശുചീകരിക്കണം. അണുമുക്തമാക്കണം. ഇങ്ങനെയുള്ള ജോലികളെല്ലാം പൂർത്തിയാക്കിവരികയാണ്. സ്കൂൾ ലാബുകളിലും പുതുക്കലുകൾ വേണ്ടിവരും. വിദ്യാർഥികൾക്കു സ്കൂളിലെത്താനുള്ള യാത്രാ സൗകര്യങ്ങളിലും മാറ്റം വരും. സ്കൂൾ ബസുകളിൽ കൂടുതൽ പേരെ കയറ്റാനാവില്ല.

മുൻകരുതലുകളോടെ അറിവിന്റെ കവാടങ്ങൾ തുറക്കട്ടെ. കാമ്പസിന്റെ വൈവിധ്യമാർന്ന ചങ്ങാത്തവും അനുഭവങ്ങളുമെല്ലാം ചേർന്നതാണ് വിദ്യാഭ്യാസത്തിലൂടെ നേടുന്ന ജ്ഞാനം. വളരുന്ന തലമുറയ്ക്ക് അതെല്ലാം ലഭ്യമാക്കിയേ തീരൂ.

## തലമുറ മാറ്റം

അധികാരത്തിന്റെ ശീതളത്തണലിലാണു സിപിഎം. നിയമസഭാ തെരഞ്ഞെടുപ്പിലൂടെ രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയത് പാർട്ടിയെ കൂടുതൽ കരുത്തുറ്റതാക്കുന്നു. കോൺഗ്രസിലെ അസംതൃപ്തർപോലും സിപിഎമ്മിൽ അംഗത്വമെടുക്കുന്നു.

എക്കാലത്തും പുതുതലമുറയ്ക്കും വനിതകൾക്കും പ്രാധാന്യം നൽകുന്ന പുരോഗമന രീതിയാണ് സിപിഎം സ്വീകരിച്ചിട്ടുള്ളത്. ഇപ്പോഴും അതു തുടരുന്നു. നിയമസഭാ തെരഞ്ഞെടുപ്പിൽ പുതുതലമുറയ്ക്കും വനിതകൾക്കും കൂടുതൽ പ്രാതിനിധ്യം നൽകിയ പാർട്ടിയുടെ സംഘടനാ സമിതികൾ പുനഃസംഘടിപ്പിച്ചുവരികയാണ്.

കോൺഗ്രസിലേതുപോലെ ഗ്രൂപ്പുകളോ പങ്കുവയ്ക്കലുകളോ വിലപേശലുകളോ ഇല്ലാത്ത പുനഃസംഘടനാ രീതി. പാർട്ടി ബ്രാഞ്ച് സമ്മേളനങ്ങൾ ഇക്കഴിഞ്ഞ മാസം പൂർത്തിയാക്കി. എല്ലായിടത്തും പുതുതലമുറയ്ക്കാണ് ഉത്തരവാദിത്വങ്ങൾ നൽകിയിരിക്കുന്നത്. പുതിയ നേതൃത്വത്തെ വളർത്തിക്കൊണ്ടുവരേണ്ടത് മുതിർന്നവരുടെ ചുമതലയാണ്. തിളയ്ക്കുന്ന രക്തമുള്ളവരെ മുന്നിലേക്കു നിർത്തണം. എങ്കിലേ പ്രസ്ഥാനം വളരൂ. ആ ബോധ്യമാണ് സിപിഎമ്മിനെ എന്നും ഓജസുള്ളതാക്കുന്നത്.

പാർട്ടിയുടെ ലോക്കൽ സമ്മേളനങ്ങൾ അടുത്ത രണ്ടു മാസങ്ങളിലായി പൂർത്തിയാക്കും. ഡിസംബറിലാണ് ഏരിയാ സമ്മേളനങ്ങൾ. ഡിസംബർ, ജനുവരി മാസങ്ങളിലായി ജില്ലാ സമ്മേളനങ്ങളും നടക്കും. എ

ല്ലാ സമ്മേളനങ്ങളിലും യുവജനങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകുന്ന നയമാണ് പാർട്ടി സ്വീകരിച്ചിരിക്കുന്നത്.

കോൺഗ്രസിലും തലമുറ മാറ്റം പ്രതീക്ഷിക്കാം. കേഡർ പാർട്ടിയാക്കണമെന്നാണ് പുതിയ നേതൃത്വത്തിന്റെ സ്വപ്നം. കെപിസിസി പ്രസിഡന്റ്, പ്രതിപക്ഷ നേതാവ് എന്നീ സ്ഥാനങ്ങളിലേക്ക് കെ. സുധാകരനേയും വി.ഡി. സതീശനേയും നിയോഗിച്ചതു 'നരച്ച' നേതൃത്വത്തിനു ദഹിച്ചില്ല. തലമുറ മാറ്റവുമായി ജില്ലാ പ്രസിഡന്റുമാരെ നിയോഗിച്ചതിനെതിരേ ഗ്രൂപ്പു നേതാക്കൾ പൊട്ടിത്തെറിക്കുകയും ചെയ്തു.



കോൺഗ്രസിൽ മാറ്റങ്ങൾ അനിവാര്യമാണ്. അധികാരത്തിനും പണത്തിനുമായി പാർട്ടിയെ ഊറ്റുന്ന സംസ്കാരം മാറ്റിയെടുക്കണം. കസേരകളെല്ലാം ഗ്രൂപ്പുസംഘാംഗങ്ങൾക്കു പങ്കുവയ്ക്കുന്ന പഴയ രീതി മാറ്റി പാർട്ടിയെ വളർത്തുന്നവരെ നേതൃത്വത്തിലേക്കു കൊണ്ടുവരണം. അങ്ങനെ ചെയ്യുമെന്നാണ് പുതിയ നേതൃത്വത്തിന്റെ അവകാശവാദം. വ്യക്തിയോ ഗ്രൂപ്പോ അല്ല, പ്രസ്ഥാനമാണ് വലുതെന്ന ബോധ്യം കോൺഗ്രസുകാർക്ക് എന്നു കൈവരുമെന്ന് കണ്ടറിയണം.

കോൺഗ്രസായാലും സിപിഎമ്മായാലും മേറ്റേതു പാർട്ടിയായാലും സമൂഹത്തിന്റെ പൊതുനന്മയാകട്ടെ പ്രവർത്തന ലക്ഷ്യം. നയിക്കാൻ പുതുതലമുറയ്ക്കും കൂടുതൽ വനിതകൾക്കും കൊടി കൈമാറിയേ തീരൂ.

**ജിഹാദികൾ**

മക്കൾ പിഴച്ചുപോയാൽ പിഴപ്പിച്ചവരെ പഴിക്കുന്നതാണ് പൊതുവേയുള്ള രീതിയാണ്. മാതാപിതാക്കൾ അങ്ങനെയേ ചിന്തിക്കൂ. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് എന്നാണു ചൊല്ല്. സ്വന്തം സന്താനങ്ങൾ തെറ്റൊന്നും ചെയ്യാത്ത വിശുദ്ധർ. അവരെ തിന്മകളിലേക്കു തള്ളിയിടുന്നവർ പാപികൾ. മിക്കപ്പോഴും തള്ളിയിടുന്നതല്ല, എടുത്തുചാടുന്നതാണെന്നു മറച്ചുവയ്ക്കപ്പെടുകയാണ്.

പ്രണയ വിവാഹങ്ങളും മയക്കുമരുന്ന് ഉപയോഗങ്ങളും വർധിച്ചുവരികയാണ്. പ്രണയിക്കാനോ വിവാഹം കഴിക്കാനോ മയക്കുമരുന്ന് ഉപയോഗിക്കാനോ നിങ്ങളെ ആരെങ്കിലും നിർബന്ധിച്ചോ, ഭീഷണിപ്പെടുത്തിയോ? മയക്കുമരുന്നിന് അടിമകളായി മാതാപിതാക്കളെ ദ്രോഹിക്കുന്ന അനേകായിരം യുവാക്കൾ നമുക്കിടയിലുണ്ട്. ജീവിതവും കുടുംബവുമെല്ലാം തകർത്തു കളയുന്നവർ. കഞ്ചാവിനും ലഹരിയുടെ സിറിഞ്ചിനങ്ങൾക്കുമെല്ലാം സ്വയം അടിമയാകുന്നവർ. ആരും അടിച്ചേൽപിക്കുന്നതല്ല.

മനുഷ്യന്റെ മനസിലെ നന്മയാണു പ്രണയം. അത് എങ്ങോട്ടെല്ലാം ചാഞ്ഞു പന്തലിക്കണമെന്ന് ഓരോരുത്തരും തീരുമാനിക്കുന്നതാണ്. പ്രണയവും വിവാഹവുമെല്ലാം പ്രായപൂർത്തിയായ ഓരോ വ്യക്തിയുടേയും തീരുമാനമാണ്. ജാതി, മതം, പണം, എന്നിങ്ങനെ പലതും അതിനു തടസമാകാറില്ല.

ജാതിയും മതവും കൂസാതെ പ്രണയിക്കുന്ന, മയക്കുമരുന്ന് ഉപയോഗിക്കുന്ന മക്കളെ നേർവഴിക്കു നയിക്കാൻ എന്തു ചെയ്യും? മക്കളെ നിരീക്ഷിക്കാനും ഉപദേശിക്കാനും മാതാപിതാക്കൾക്കു കഴിയണം. അതിനു കഴിയാതെ പിഴച്ചുപോകുമ്പോൾ മറ്റു മതങ്ങളേയും ജാതികളേയും പഴിക്കുന്നതിൽ ഒരു ഔചിത്യവുമില്ല. ഏതെങ്കിലും ഒരു മെത്രാന്റെ 'നാർകോട്ടിക് ജിഹാദ്' പ്രയോഗത്തെയോ 'ലൗ ജിഹാദ്' പ്രയോഗത്തേയോ വിവാദമാക്കേണ്ടതുമില്ല. എന്നാൽ പല രാഷ്ട്രീയ പാർട്ടികൾക്കും അതു വിവാദമാക്കേണ്ടതുണ്ട്. മതത്തിന്റെ പേരിലുള്ള രാഷ്ട്രീയ മുതലെടുപ്പിന്റെ ആഘോഷമാക്കണമല്ലോ.

ചർച്ചയാകേണ്ടത് അത്തരം വിവാദങ്ങളല്ല. ദൈവത്തിനും മതത്തിനും രാഷ്ട്രീയത്തിനും അപ്പുറം നമ്മുടെ ജീവിതങ്ങളിലേക്കൊന്നു തിരിഞ്ഞു നോക്കാം. അവിടെ താളപ്പിഴകളുണ്ടോയെന്നു പരിശോധിക്കാം. നമ്മുടെ കുടുംബങ്ങളിൽ തിരുത്തലുകൾ അനിവാര്യമാണോ?

മയക്കുമരുന്നിനു മതവും ജാതിയുമില്ല, ഭ്രാന്തമായ ലഹരി മാത്രം. വഴിവിട്ട ലഹരിക്കു സിറിഞ്ചു നൽകാതെ സൂക്ഷിക്കാം.





രാജേശ്വരി തോന്നയ്കൽ

# മാസപ്പടിക്കൊപ്പം

ഉദ്യോഗസ്ഥയായ മൂത്ത മകൾ സുമയുടെ പതിവില്ലാത്ത ഫോൺ വിളി വന്ന ശേഷം സുഭദ്രാമ്മ വലിയ വിമ്മിട്ടത്തിലായിരുന്നു. അവൾ വിളിക്കുന്ന പതിവില്ല. എല്ലാ മാസവും ആദ്യ ആഴ്ചയിൽ വരും. അമ്മക്കുള്ള പതിവുപടിയുമായി. ഒപ്പം മറ്റു ചില പടികളും ഉണ്ട്.

അവൾക്ക് ഉദ്യോഗമുള്ളതുകൊണ്ട് ഇളയവർക്കു നൽകിയ അത്രയും ഓഹരി നൽകിയിട്ടില്ല.

അതുമായി ബന്ധപ്പെട്ട കുത്തു വാക്കുകൾ! !

ഒരേ സൂചിയിൽ പല ഔഷധങ്ങൾ നിറച്ച കുത്തലുകൾ.

ഇപ്പൊ അവൾക്ക് അടിയന്തിരമായി അമ്മയുടെ ഫോട്ടോ വേണമെന്ന്. ...

അടുത്ത വീട്ടിലെ നന്ദൂന്റെ ഫോൺ വഴി അയച്ചു കൊടുക്കണമെന്ന്. ..

എന്തായാലും ഫോട്ടോ അയക്കാൻ നന്ദുമോൻ സഹായിച്ചു.

എങ്കിലും ദുരൂഹതകൾ ബാക്കി.

വല്ല വ്യാജ പ്രമാണവും. ..?

എങ്കിൽ മറ്റു മക്കളോട് എന്തുപറയും?

മൂത്തവളെ അനുസരിക്കാതിരിക്കാൻ പറ്റുമോ?

നെടുവീർപ്പുകൾ നിറഞ്ഞ ഒരു പകലും രാത്രിയും നീങ്ങി . ..

അതാ നന്ദുമോൻ ഫോണുമായി ഓടി വരുന്നു.

‘അമ്മാമ്മേ. ...ഇതാ നോക്കിയേ...

സുമേച്ചി അമ്മമ്മയെ കുറിച്ച് എന്താ എഴുതിയിരിക്കുന്നെന്ന്...


രണ്ടു പേരും ചേർന്നുള്ള ഫോട്ടോയുമുണ്ട്.‘

നന്ദുവിന്റെ ഫോണിൽ നോക്കി. അമ്മയോടു ചേർന്ന് നിൽക്കുന്ന മകൾ. .

തൊട്ടുതാഴെ എഴുതിയിരിക്കുന്നതു വായിച്ചു. ‘ഭൂമിയിലെ വിളക്കും ദൈവവുമാണ് അമ്മ. ‘

ഫോണിൽ നിന്നു കണ്ണു പറിച്ചു മാറ്റാൻ മടിക്കുന്ന ആ അമ്മയുടെ മുഖത്ത് തെളിഞ്ഞ ചിരി. ഒപ്പം ഓർത്തു. 'വായിൽ തോന്നുന്നതൊക്കെ വിളിച്ചു പറയുമെങ്കിലും അവൾ സ്നേഹമുള്ളവളാണ്. '

പൊങ്ങച്ച പെരുപ്പം നിറഞ്ഞ മുഖ പുസ്തക ത്തെ കുറിച്ചോ, മദേഴ്സ് ഡേയെ കുറിച്ചോ ആ അമ്മയ്ക്ക് ഒന്നും അറിയില്ലായിരുന്നു.





എ. കെ. അനിൽകുമാർ

# ചില പേരുകൾ

ഏറ്റവുമടുത്ത ഒരാളുടെ
പേര്മറന്നുപോവുന്നതോളം
ജാള്യത അനുഭവിച്ചിട്ടില്ലയിന്നേവരെ
വേറൊരു കാര്യത്തിലും....

ഏറ്റവുമടുത്ത കൂട്ടുകാരന്റെ പേര്
ബന്ധുവിന്റെ പേര്
അയൽപക്കക്കാരന്റെ പേര് ...
ഒത്തുകൂടലിൽ
കല്യാണച്ചടങ്ങുകളിൽ
മരണവീടുകളിൽ
പെട്ടെന്ന് കുറച്ചുനേരത്തേക്ക്
മറന്നുപോവുന്നു ചില പേരുകൾ....

ഒടുവിൽ ചിരിക്കാതായി പലരും.
കണ്ടിട്ടും കണ്ടില്ലെന്നു ഭാവിക്കുന്നു ചിലർ.
അങ്ങനെയാണ് നിങ്ങൾക്കിത്രയും
ശത്രുക്കൾ ഉണ്ടായതെന്ന്
കുത്തികുത്തി നോവിക്കുന്നു
പലനേരവും കെട്ടിയോൾ...
പക്ഷെ ചിലനേരങ്ങളിൽ
എല്ലാം മറക്കാൻ കൊതിക്കുന്ന നേരത്ത്
നേരെ മുന്നിൽവന്നു നിന്നു
പല്ലിളിച്ചു കൊഞ്ഞനം കുത്തുന്നു
അവരുടെ പേരുകൾ....
മറവിക്കടലിലാഴ്ന്നു പോയ
ചിലപേരുകൾ...

# ലങ്കൻ അത്ഭുത ഗാനം!

**യൊഹാനി ദിലോക ഡി സിൽവ എന്ന ശ്രീലങ്കൻ പെൺകുട്ടി പാടിയ ഒരു പാട്ടാണ് ഇപ്പോൾ ലോകം കീഴടക്കി മുന്നേറുന്നത്. ആരു പാടി, എന്തുതരം സംഗീതമാണ് എന്നൊന്നും അറിയാത്തവർ പോലും ഏറ്റുപാടുന്നു ആ പാട്ട്– മനികേ മാഗേ ഹിതേ....**



**അ**ങ്ങനെയിരിക്കെ ഒരു പാട്ടങ്ങു വൈറലാകും. സംഗീതം ഇഷ്ടപ്പെടുന്ന എല്ലാ മനസുകളും അത് ഏറ്റുപാടും. ഇപ്പോൾ സോഷ്യൽ മീഡിയ തുറന്നാൽ എവിടെയും കേൾക്കുന്നത് മനികേ മാഗേ ഹിതേ എന്നൊരു ഗാനമാണ്. യുട്യൂബിൽ കോടിക്കണക്കിനു തവണ പ്ലേ ചെയ്യപ്പെട്ട് മുന്നേറുന്ന ഈ പാട്ട് വന്നത് ശ്രീലങ്കയിൽ




തേജശ്രീ

നിന്നാണ്. എത്രകേട്ടാലും മടുപ്പിക്കുന്നില്ല എന്നതാണ് യൊഹാനി ഡി സിൽവ എന്ന പെൺകുട്ടിയുടെ ഈ പാട്ടിന്റെ പ്രത്യേകത. സാക്ഷാൽ അമിതാഭ് ബച്ചൻ പോലും പറയുന്നതു കേൾക്കുക: എന്തൊരു പാട്ടാണിത്! രാത്രി മുഴുവൻ ഞാൻ ഇതു മാത്രം കേൾക്കുകയായിരുന്നു. എത്ര കേട്ടിട്ടും മതിവരുന്നില്ല.

കാലിയ എന്ന തന്റെ ഗാനത്തിന്റെ ചുവടുകൾ ഈ പാട്ടിനൊപ്പം ചേർത്ത് ചെറുമകൾ നവ്യ നവേലി നന്ദ എഡിറ്റ് ചെയ്ത വീഡിയോ ട്വിറ്ററിൽ

പങ്കുവച്ചാണ് ബച്ചൻ ഇതു പറഞ്ഞത്.



## ആരാണ് യൊഹാനി?

കൊളംബോയിൽ ജനിച്ചു വളർന്ന യൊഹാനി യുട്യൂബിൽ കവർ വീഡിയോകൾ ചെയ്താണ് സംഗീതരംഗത്തേക്കു വന്നത്. തുടക്കത്തിൽ ചെയ്ത ദേവയാംഗെ ബാരെ എന്ന റാപ്പ് കവർ ഏറെ ശ്രദ്ധനേടി. അധികം വൈകാതെ ശ്രീലങ്കയിലെ റാപ്പ് പ്രിൻസസ് എന്ന പദവി യൊഹാനിയെ തേടിയെത്തി. വെറും 23 വീഡിയോകൾ യുട്യൂബ് ചാനലിൽ നൽകിയപ്പോഴേക്കും 18 ലക്ഷം സബ്സ്ക്രൈബർമാരെ യൊഹാനി നേടി. ഇപ്പോൾ അത് 25 ലക്ഷത്തിനു മുകളിലാണ്. മനികേ മാഗേ ഹിതേ എന്ന പാട്ടിന്റെ പതിപ്പ് ഈ കുറിപ്പു തയാറാക്കുന്നതുവരെ 13 കോടിയോളം തവണ പ്ലേ ചെയ്യപ്പെട്ടു. നാലു മാസംകൊണ്ടാണ് ഈ കാഴ്ചക്കാർ എന്ന് പ്രത്യേകം ഓർമിക്കണം.

ഗായിക എന്നതിനു പുറമേ സംഗീതനിർമാതാവും ഗാനരചയിതാവും ബിസിനസുകാരിയുമാണ് യൊഹാനി. ശ്രീലങ്കയിലെ പ്രശസ്ത റെക്കോർഡ് കമ്പനിയായ പേറ്റ ഇഫക്ട്സുമായി ചേർന്ന് ശ്രദ്ധേയരായ ഒട്ടേറെ സംഗീതകാരന്മാർക്കൊപ്പം യൊഹാനി പ്രവർത്തിച്ചു. മികച്ച വീഡിയോ റീമേക്ക് ഉൾപ്പെടെയുള്ള രംഗങ്ങളിൽ പുരസ്കാരങ്ങളും ലഭിച്ചു.

ചെറുപ്പംമുതൽക്കുതന്നെ സംഗീതത്തിലുള്ള അഭിരുചി തിരിച്ചറിഞ്ഞ് മാതാപിതാക്കൾ മികച്ച പ്രോത്സാഹനം നൽകി. പിതാവ് മുൻ സൈനികോദ്യോഗസ്ഥനാണ്. അമ്മ എയർ ഹോസ്റ്റസ് ആയിരുന്നു. അതുകൊണ്ടുതന്നെ ലങ്കയ്ക്കു പുറത്ത് മലേഷ്യയിലും ബംഗ്ലാദേശിലും കുട്ടിക്കാലം മുതൽ ധാരാളം യാത്രകൾ ചെയ്തു. സംഗീതം തന്റെ പ്രൊഫഷനായി തെരഞ്ഞെടുക്കാൻ യൊഹാനി തീർച്ചപ്പെടുത്തിയപ്പോൾ മാതാപിതാക്കൾ ഒപ്പം നിന്നു.

## പാട്ടുവന്ന വഴി

മനികേ മാഗേ ഹിതേ ആദ്യം പാടി പുറത്തിറക്കിയത് സതീഷ് രത്നായക്, ദുലൻ എആർഎക്സ് എന്നിവർ ചേർന്നാണ്. കഴിഞ്ഞവർഷം അവതരിപ്പിച്ച മ്യൂസിക് വീഡിയോ അന്നുതന്നെ ജനശ്രദ്ധ നേടി. എന്നാൽ യൊഹാനിയുടെ കവർ പതിപ്പ് അന്താരാഷ്ട്ര തലത്തിലേക്ക് ഉയർന്നു. പ്രായഭേദങ്ങളില്ലാതെ പലദേശങ്ങളിൽ പാട്ട് പറന്നുനടക്കുന്നു. ചമത് സംഗീത് ആണ് സംഗീതസംവിധാനം നിർവഹിച്ചത്, റാപ്പ് ഭാഗങ്ങൾ ദുലൻ കൈകാര്യം ചെയ്തു. ഷെയ്ൻ വാസാണ് ഗിറ്റാർ വായിച്ചിരിക്കുന്നത്. യൊഹാനിയുടെ ശബ്ദവും ഭാവവും അവതരണത്തിലെ സൂക്ഷ്മതയും വേറിട്ടുനിൽക്കുന്നു.

കഴിഞ്ഞ മേയ് അവസാനമാണ് യൊഹാ





നിയുടെ പാട്ട് യുട്യൂബിൽ എത്തിയത്. സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലും സോഷ്യൽ മീഡിയയിലും ചരിത്രം സൃഷ്ടിച്ചതോടെ പാട്ടിന്റെ തമിഴ്, മലയാളം പതിപ്പുകളും പുറത്തിറക്കി. പിന്നാലെ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും എത്തി. എല്ലാം ഒരുപോലെ ഹിറ്റുമായി.

എന്റെ മനസിൽ വരുന്ന തീക്ഷ്ണമായ എല്ലാ ചിന്തകളും നിന്നേക്കുറിച്ചാണ്, അതൊരു ജ്വാലപോലെയാണ്. എനിക്ക് നിന്നിൽനിന്ന് കണ്ണെടുക്കാനാവുന്നില്ല- ഏതാണ്ട് ഇങ്ങനെയാണ് വരികളുടെ അർഥം.

## യൊഹാനി വരുന്നു...

ഏറെ വൈകാതെ യൊഹാനിയുടെ സംഗീതപരിപാടി ഇന്ത്യയിൽ നടക്കും. അതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ലൈവ് പ്രോഗ്രാമുകളാവും നടക്കുകയെന്ന് ഇതുവരെയുള്ള സൂചനകൾ പറയുന്നു.

ഈ പാട്ട് ചെയ്യുമ്പോൾ അമിത പ്രതീക്ഷകളോ പ്രത്യേക പ്ലാനുകളോ ഒന്നുമുണ്ടായിരുന്നില്ല മനസിൽ. സംഗീതത്തോടുള്ള അടങ്ങാത്ത സ്നേഹം മാത്രമായിരുന്നു ഈ പ്രോജക്ടിനു പിന്നിൽ- യൊഹാനി പറയുന്നു.

ഇന്ത്യയിൽനിന്നു ലഭിക്കുന്ന പിന്തുണ എന്നെ കൂടുതൽ വിനയാന്വിതയാക്കുന്നു. അതുകൊണ്ടുതന്നെ അവിടെ പെർഫോം ചെയ്യുക എന്നത് ഏറ്റവും ആവേശകരമായ കാര്യമായി കാണുന്നു.

അമിതാഭ് ബച്ചനു പുറമേ ടൈഗർ ഷ്രോഫ്, മാധുരി ദീക്ഷിത്, പരിനീതി ചോപ്ര, നേഹ കക്കർ തുടങ്ങിയവരും തങ്ങളുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ യൊഹാനിയുടെ പാട്ട് ഷെയർ ചെയ്തിരുന്നു. ഒപ്പം എണ്ണമറ്റ സാധാരണക്കാരുടെ അക്കൗണ്ടുകളിലും മനികേ മാഗേ ഹിതേ നിറയുന്നു. ഒരു പാട്ട് അത്ഭുതമാകുന്നത് ഇങ്ങനെയൊക്കെയാണ്.

കവിത





കയ്യുമ്മു കോട്ടപ്പടി

# മൗനമന്ദഹാസം

ഞാൻ നിന്നെ
കാത്തിരുന്നത്
എന്തിനാണെന്നത്
ഈ പുഴയും വഴിയും
നിന്നോട് പറഞ്ഞിരുന്നതല്ലെ?

കണ്ണീർത്തടത്തിലെ
നീർമുത്തുകൾ
പുണർന്നു കിടക്കുമ്പോഴും
പറഞ്ഞൊരോർമ്മ പോലെ
ഈ നീരൊഴുക്കുകൾ
നമ്മൾ കണ്ടിരുന്നതല്ലെ

സമുദ്രത്തിലെ നിഴൽ
ചിത്രങ്ങൾക്ക്
ആർത്തു ചിരിയ്ക്കാനൊ,
ആർത്തു കരയാനൊ ,
കഴിയാനാവാതെ,
ശിഖരങ്ങളടർന്ന
തടി പോലെ
തനിച്ചാണെന്ന്
ആരാ പറഞ്ഞത്?

നീയെന്തിനാണ്
കരഞ്ഞത്?

എനിക്കു പറയാനുള്ളത്
പറയാനാവാത്തതാണെ
ന്ന് നിന്നോടാരാ
പറഞ്ഞത്?

വഴിയോര സ്വപ്നങ്ങളിൽ
ദിനരാത്രങ്ങളറിയാതെ
ഞാൻ പിന്നെയും പിന്നെയും പേരറിയാത്ത
നിന്നേയും കാത്ത് ...

നമ്മൾ നട്ട ഓർമ്മയുടെ
പ്രണയസാഫല്യത്തിലെ
നെടുവീർപ്പുമിഴ ചേർന്ന
വിഫല സ്വപ്നമേ......
കനവുകരിഞ്ഞൊ-
രാർദ്രതയുടെ മടിയി-
ലിപ്പോഴുമുണ്ട്,
നിന്നോട് പറയാൻ
ബാക്കി വെച്ച നിന്റെ
ഹൃദയമെന്റെയുള്ളിൽ

വറ്റിയൊ പുഴ ?
വരണ്ട മണൽക്കാടുകളിൽ കള്ളിമുൾച്ചെടി
കൾ വളർന്നുവോ?



# ഇഷ്ടം

ഇഷ്ടത്തിന്റെ താക്കോൽ
കൊണ്ടാണ്
ഹൃദയത്തിന്റെ ഉള്ളറ തുറന്നത്

അന്ന് നിന്നെ കയറ്റിയിരുത്തി
അടച്ചു പൂട്ടിയതാണ് ആ അറ

തുറന്നാൽ പുറത്തിറങ്ങിപ്പോകു-
മെന്നതിനാൽ
കണ്ണടച്ച് കാണാതിടത്ത് വലിച്ചെറി-
ഞ്ഞു താക്കോൽ

ഇപ്പോൾ ഒറ്റ പ്രാർത്ഥനയേയുള്ളു :
'കണ്ടുകിട്ടരുതേ എവിടെയെങ്കിലും -
വെച്ച്
കളഞ്ഞ ആ താക്കോൽ'



രാജു കാഞ്ഞിരങ്ങാട്

കവിത



# തെരുവ്



ബഷീർ മുളിവയൽ

1
നഗരത്തിന്റെ പിൻ വാതിലിനപ്പുറത്തായി
ഒരു തെരുവ് കള്ള് കുടിച്ചു വാള് വെച്ച് കിടക്കുന്നു
ആരോടെന്നില്ലാതെ ഇടക്ക് തല പൊക്കി
ഉറക്കെ അവഗണനയുടെ കഥകൾ പറയുന്നു
അവ്യക്തമെങ്കിലും അതിന്റെ ഭാഷ
തീ പോലെ പൊള്ളുന്നുണ്ട്
മുതുകിൽ ടാർപായയും തകരയും
മേൽക്കൂരയാക്കിയ വീടുകൾ വ്രണമായി
കരുവാളിച്ചു ചലം പൊട്ടിയൊലിക്കുന്നുണ്ട്

മണിയനീച്ചയിൽ നിന്ന് ബലമായി പിടിച്ചു പറിച്ച മിഠായി ഈമ്പിത്തി
ന്നുന്ന കുട്ടിയും,
ഒരേ ഇലയിൽ നിന്ന് എച്ചിൽ തിന്നുന്ന
കാലുകൾ അഴുകി അറ്റ് പോയ വൃദ്ധനും
രണ്ട് തെരുവ് നായ്ക്കളും
വിശപ്പിന്റെ തീവ്രത അളക്കുന്നു

ഇവിടെ മതങ്ങൾക്ക് പ്രവേശനമില്ലെന്ന് തോന്നുന്നു!
ആരാധനാലയങ്ങളൊന്നും കാണാനില്ല
സിനിമാ പോസ്റ്ററിന് മുന്നിൽ കൈകൂപ്പി നിന്ന് പ്രാർത്ഥിക്കുന്ന
കുടിയന്റെ കാഴ്ചയിൽ
അർദ്ധനഗ്നയായ നായികനടിയുടെ തുറിച്ച മാറിൽ
ദേവി കുടിയിരിക്കുന്നു,
കുരിശു വരച്ചൊരു നെഞ്ചിൽ സിന്ദൂരം വരഞ്ഞ തല
തളർന്നു മയങ്ങുന്നു,
കീറിപ്പറിഞ്ഞ ദാവണി വിടവിലൂടെ കണ്ട തുടയിൽ
പൂവെന്നു കരുതി ചിത്ര ശലഭം ഉമ്മ വെക്കുന്നു.

2

ബാല്യം ഊതിത്തടുപ്പിച്ചു
ബലൂണാക്കി വിൽക്കുന്ന ആൺകുട്ടികളും
കൗമാരം കൂട്ടയിലെ പൂക്കളോടൊപ്പം മുറിച്ചു
വിൽക്കുന്ന പെൺകുട്ടിയും,
തൊണ്ട പൊട്ടിച്ചു പാട്ടെന്ന് പാടി വിൽക്കുന്ന അന്ധനും
തെരുവിനെ വാണിജ്യത്തിന്റെ ഉടയാടയണിയിക്കുന്നു
കച്ചവടക്കാഴ്ചകൾക്കപ്പുറം പന്ത് കളിയുടെ ആരവത്തിൽ
മെസ്സിയെ തോൽപ്പിച്ച കാലടക്കത്തോടെ
ഭൂമിയെ തട്ടി സിസർക്കട്ടു ചെയ്യുന്ന ഒരു പയ്യൻ
എന്റെ കണ്ണിനുള്ളിലേക്ക് ഒരു ഗോൾ അടിച്ചു!

3

രാവ് കള്ള് കുപ്പികളിൽ നിറഞ്ഞ് തെരുവിന്റെ ചുണ്ടിൽ മുത്തുന്നു
ഒരു കവിൾ അകത്താക്കി കണ്ണടച്ച് തുറക്കുമ്പോൾ
പോലീസ് ജീപ്പിന്റെ ഉണ്ടക്കണ്ണുകൾ മിഴിക്കുന്നു!
നീളൻ ടോർച്ചിന്റെ വെളിച്ചമുന പതിനേഴിന്റെ
പോർമുലക്കൂമ്പുകളിൽ അടയാളം വെച്ച്
'ഏമാനെ കാണാൻ അങ്ങ് വന്നേക്കണം' എന്ന് കുരക്കുന്നു,
രണ്ടാം കവിളും, മൂന്നാം കവിളും ഒന്നിച്ചകത്താക്കി
തെരുവ് ഒരു തെറിപ്പാട്ട് പാടി
അത് കേട്ട് ഒരുത്തി ഉദ്ധരിച്ച പുരുഷനെ
അകത്തു കയറ്റി തൊലിയുരിച്ചു മക്കളുടെ വയറു നിറക്കുന്നു,
ഒന്നും കാണാത്തത് പോലെ തെരുവ്
കുപ്പി ചുണ്ടിൽ വെച്ച് കമഴ്ത്തുന്നു.
കഞ്ചാവ് പുകയുടെ ആകാശത്തിലൂടെ
പറന്നു വന്ന നഗരം തെരുവിനെ മാനഭംഗം ചെയ്ത്
തിരിച്ചു പോകുമ്പോൾ കാലിൽ ചളി പുരളാതിരിക്കാൻ
ഇരുട്ട് പരവതാനി വിരിച്ചു കൊടുത്ത് പതുങ്ങി നിൽക്കുന്നു
ഓടയിലെ കലക്ക് വെള്ളത്തിൽ കാർക്കിച്ചു തുപ്പിയ കട്ട കഫവും,
രതി മൂർച്ചയിൽ തെറിച്ച ശുക്ലവും
കണ്ണീരിനെ കളിയാക്കിചിരിച്ചുകൊണ്ട് കെട്ടിപ്പിടിക്കുന്നു

4

മൂക്കറ്റം കുടിച്ച് വാളു വെച്ചുറങ്ങുന്ന തെരുവിനെ ചൂണ്ടി
നഗരം പരിഹാസച്ചുവയോടെ
നീട്ടി വിളിക്കുന്നു... തെമ്മാടിത്തെരുവ്.

കഥ

# തിരിച്ചറിവുകൾ





ഹരിഹരൻ സി.പി.

**ഫൈ**നൽ ഇയറിലെ അവസാന ദിവസങ്ങളാണ് കൊഴിഞ്ഞുകൊണ്ടിരിക്കുന്നത്.

ടീച്ചർമാർക്ക് പോർഷൻ തീർക്കുന്ന തിരക്ക്. കുട്ടികൾക്ക് റെക്കോർഡ് ഫിനിഷ് ചെയ്യുന്ന തിരക്കുകൾ.

ലോക്കൽ ആർട്ടിസ്റ്റുകളുടെയടുത്ത് കാശുകൊടുത്ത് വരപ്പിക്കുന്നവരുണ്ട്. അതുകൊണ്ട് തരക്കേടൊന്നുമില്ല. ചിത്രം കൂടുതൽ മെച്ചമായിരിക്കും. ലേബൽ ചെയ്യേണ്ട ഭാഗങ്ങൾ ചിത്രത്തിൽ കൃത്യമായുണ്ടായിരിക്കമമെന്നു മാത്രം. ആ ഭാഗങ്ങൾ ആർട്ടിസ്റ്റുമാർക്ക് പ്രത്യേകം പറഞ്ഞുകൊടുക്കണം.

എല്ലാ ദിവസവും മുടങ്ങാതെ പ്രാക്റ്റിക്കലുകൾ. മണ്ണിരയും, പാറ്റയും, തവളയും, കണമ്പുമീനും, സ്രാവും, എലിയും ഓന്തും ചിലപ്പോൾ കിട്ടിയതെന്തും.

ക്ലോറോഫോമിൽ മയങ്ങിയ ജീവികൾ ഭാവിയിലെ ജന്തുശാസ്ത്രജ്ഞർക്കും ഡോക്ടർമാർക്കും വേണ്ടി ജീവൻ ബലിയർപ്പിച്ചുകൊണ്ടിരുന്നു. ആവശ്യം കഴിഞ്ഞ മീനുകളെപ്പോലും തിന്നാൻ കൊള്ളില്ല. ട്രേയിലെ ക്ലോറോഫോമിന്റെ മണം അവയ്ക്കുണ്ടാവും.

ലാബിൽ ആദ്യകാലത്തെപ്പോലെ കളിചിരികളില്ല. കുട്ടികൾ ഗൗരവക്കാരായിരിക്കുന്നു. കൗമാരം കഴിഞ്ഞു. യൗവനം അതിന്റെ മിനുക്കുപണികളും ഗൗരവവും ഓരോ മുഖങ്ങളിലും കൂട്ടിച്ചേർത്തുതുടങ്ങി.

മുഖങ്ങളിൽ ഭാവിയെക്കുറിച്ചുള്ള ആശങ്കകളുണ്ട്. കലാലയജീവിതം അവസാനിക്കാറായതിന്റെ ദുഃഖമുണ്ട്. പ്രായത്തിന്റെ പക്വതയും ഗൗരവവും കുറേശ്ശെ നിഴലിക്കാനും തുടങ്ങിയിരിക്കുന്നു.

തമ്മിൽത്തമ്മിൽ ഇപ്പോൾ വിഷാദം പുരണ്ട പുഞ്ചിരികളാണധികം.

സുരേന്ദ്രൻ യതിയോടു ചോദിച്ചു. അടുത്തവർഷം എന്താ നിന്റെ പരിപാടി.

യതീന്ദ്രൻ പറഞ്ഞു. 'ഒന്നും തീരുമാനിച്ചിട്ടില്ല.'.

ഒരു ഫസ്റ്റ് ക്ലാസ്, അല്ലെങ്കിൽ ഹൈ സെ

ക്കന്റ് ക്ലാസുണ്ടെങ്കിൽ എംബിബിഎസിനു സീറ്റു കിട്ടുന്ന കാലം. യതിക്കാ മോഹമുണ്ടായിരുന്നു. നടക്കുമോ എന്നയാൾക്കറിയില്ല. അതൊക്കെ കാശുകാർക്കു പറഞ്ഞിട്ടുള്ളതാണ്. വേറെ ഒരു നഗരത്തിൽചെന്ന് ഒരു പ്രഫഷണൽ കോഴ്സിനു പഠിക്കാൻ പണം ഒരു പ്രശ്നമാണ്.

അല്ലെങ്കിൽ ങ.ടര കോളേജിൽ ങ.ടര യില്ല. അതിനും വേറെ സ്ഥലമന്വേഷിക്കേണ്ടിവരും.

ഇതു രണ്ടുമല്ലെങ്കിൽ ഇനിയൊരു ജോലിക്കു ശ്രമിച്ചാലോ  ഉന്നത വിദ്യാഭ്യാസമെന്ന മോഹം മനസ്സിൽ ബാക്കി കിടക്കും. പലരും സർക്കാർ ടെസ്റ്റുകളും ബാങ്കു ടെസ്റ്റുകളും എഴുതിത്തുടങ്ങിയിരുന്നു.

ജീവിതം ഒരു പ്രശ്നമായി എല്ലാവരുടെ മുന്നിലും പല്ലിളിച്ചു നിൽക്കുന്ന കാലം. ആവശ്യങ്ങൾ കുറവായാലും നടത്താൻ ബുദ്ധിമുട്ടുന്ന കാലം. കൂട്ടു കുടുംബങ്ങൾ അണുകുടുംബങ്ങളിയാപ്പിരിയുന്ന കാലം. ഭാഗംവെച്ചു പിരിയൽ. അതിന്റെ അടി പിടികളും വഴക്കുകളും. ജോലി തേടി അന്യനാട്ടിൽ പ്പോകൽ. ചില ഭാഗ്യവാന്മാർ ഗൾഫിലും പോകുന്നു. ഒരു ഡിഗ്രി സർട്ടിഫിക്കറ്റും കയ്യിൽവെച്ച് നോ വേക്കൻസി ബോർഡും നോക്കി അലയുന്നവരാണ് ഏറെയും.

കളിചിരിയുടെ കാലം കഴിഞ്ഞ് മറ്റൊരു ദശാസന്ധിയിലേക്കു പ്രവേശിക്കുകയായിരുന്നു യതീന്ദ്രനും കൂട്ടരും.

ഒരു ദുരന്ത സിനിമ പോലെയാവും ജീവിതമെന്ന് അവനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. കാമുകിയെ ആരാനും കെട്ടിക്കൊണ്ടു പോകുന്നത് കണ്ടു കരയുന്ന നിരാശാ കാമുകന്റേയും ജോലിതേടി അലയുന്ന തൊഴിൽ രഹിതന്റേയും കഥ പറയുന്ന, തുടക്കത്തിൽ പ്രേമ ഗാനങ്ങളും ഒടുക്കം വിഷാദ ഗാനങ്ങളുമടങ്ങിയ സിനിമകളുടെ കാലം. അല്ലെങ്കിൽ സിനിമയ്ക്കു കഥ കിട്ടുന്നത് ജീവിതത്തിൽനിന്നു തന്നേയല്ലേ.

യതിക്കും ആ തിരിച്ചറിവുണ്ടായിത്തുടങ്ങി.

**   ** **

ലെയ്റ്റായ പ്രാക്റ്റിക്കലിനു ശേഷം ഒരു സന്ധ്യക്ക് ആൽമരച്ചുവട്ടിൽവെച്ച് യമുന യതിയോടു ചോദിച്ചു. ക്ലാസിൽ പലരും അന്യോന്യം ചോദിച്ച അതേ ചോദ്യം തന്നെ.

'യതീ, അടുത്ത കൊല്ലം ഇനിയെന്താണ്?'

അതു ചോദിക്കുമ്പോൾ അവളുടെ കണ്ണുകളിൽ വിഷാദവും ശബ്ദത്തിൽ ഇടർച്ചയുമുണ്ടായിരുന്നു.

ആ ചോദ്യത്തിന് യതിക്കുത്തരമുണ്ടായിരുന്നില്ല. അയാളൊന്നു ചിരിക്കുക മാത്രം ചെയ്തു. അടുത്ത കൊല്ലം ഇനിയെന്തെന്ന് അയാളും ചിന്തിച്ചുതുടങ്ങിയിട്ട് നാളുകൾ കുറച്ചായിരുന്നു. യമുനയുടെ കണ്ണുകളിൽ ഉരുണ്ടുകൂടിയ കണ്ണീർ യതി കാണുന്നുണ്ടായിരുന്നു.

യമുന തുടർന്നു 'യതീ, നമ്മൾ അകലാൻ തുടങ്ങുകയാണല്ലേ?' അതിനു നമുക്കു കഴിയും. അല്ലേ? നമുക്കൊന്നാകാൻ പറ്റില്ലെന്നു യതി ചിന്തിക്കാറുണ്ടോ?'

അവനതിന് ഉത്തരമൊന്നുമുണ്ടായിരുന്നില്ല.

യതീ, എന്തെങ്കിലുമൊന്നു പറ. അഞ്ചു കൊല്ലം മുമ്പ് നമ്മളെന്തിനാണ് കണ്ടുമുട്ടിയത്? രണ്ടുകൊല്ലം നാം നിശബ്ദമായി കാലം കഴിച്ചതെന്തിനാണ്? നിനക്കറിയാമായിരുന്നു എനിക്കു നിന്നെ ഇഷ്ടമാണെന്ന്. എനിക്കറിയാമായിരുന്നു നിനക്കെന്നെ ഇഷ്ടമാണ്. ആദ്യത്തെക്കാഴ്ചയിൽത്തന്നെ നമുക്കു മനസിലായില്ലേ നമ്മുടെ ഇഷ്ടം? കൗമാര ചാപല്യമായി നമ്മളതു മറച്ചുവച്ചു. പിന്നെ എന്തിനാണ് നമ്മളന്യോന്യം മനസ്സു തുറന്നത്. അല്ലെങ്കിൽ യതിയെന്തിനാണ് ലേഡീസ് ഹോസ്റ്റലിൽ വന്നത്. പിന്നേയും കൊല്ലങ്ങൾ കഴിഞ്ഞ് ഇതിങ്ങനെ അവസാനിപ്പിക്കാനോ? യതീ പ്രണയം തുടങ്ങുന്നത് യൗവനത്തിലൊന്നുമല്ല. അത് ബാല്യത്തിലോ കൗമാരത്തിലോ ആണ്. യൗവനത്തിൽ തുടക്കം വയ്ക്കുന്നത് യഥാർഥ്യങ്ങളെക്കുറിച്ചുള്ള ചിന്തകളാണ്. കൗമാരത്തിൽ ഒന്നും ആലോചിക്കാതെയുള്ള നിസ്വാർഥമായ എടുത്തുചാട്ടമാണ്. അതിനേ ഇത്രമാത്രം ഗാഢത കാണൂ. നേർപ്പിക്കാത്ത സൾഫ്യൂറിക്കാസിഡു പോലെ. തൊട്ടാൽ പ്പൊള്ളുന്ന ഗാഢത.

പക്ഷേ പേടിയോ കാര്യഗൗരവമോ പണ്ടേ എനിക്കൽപ്പം കൂടുതലായിരുന്നു. അതന്റെ ഗുണമോ ദോഷമോ എനിക്കറിയില്ല. നമ്മളാദ്യമായി സംസാരിച്ചപ്പോൾ ഞാൻ നിന്നോടു ചോദിച്ചതോർക്കുന്നോ? ഞാനെന്നെത്തന്നെത്തന്നാൽ നീ വാങ്ങുമോയെന്ന്? എന്തോ എനിക്കന്നങ്ങനെ ചോദിക്കാൻ തോന്നി. ആ ചോദ്യം എന്റെ മനസ്സിൽ എന്നും വിടാതെക്കൂടുകയും ചെയ്തു. ഇന്ന് എന്റെ സംശയം തെറ്റല്ല എന്നാണോ നീ പറയുന്നത്?

അപ്പോഴും യതീന്ദ്രനൊന്നും പറഞ്ഞില്ല.

അയാൾ വിളിച്ചാൽ ഒരു പക്ഷെ യമുന അയാൾക്കൊപ്പം ഇറങ്ങിവന്നേക്കാം. എന്നിട്ടവരെന്തുചെയ്യും. ഇരുപതും ഇരുപത്തിമൂന്നും വയസ്സുള്ള അവർ എവിടെപ്പോകും.

ജീവിതം അതൊരു വലിയ സമസ്യ തന്നേയാണ്. അതു പൂരിപ്പിക്കാൻ കുറച്ചു ബുദ്ധിമുട്ടുമാണ്.

വർഷങ്ങൾക്കുമുമ്പ് അവരുടെ ആദ്യ സംഭാഷണ വേളയിൽത്തന്നെ യമുന ചോദിച്ച ചോദ്യം യതീന്ദ്രനോർത്തു. ഇപ്പോൾ അതിന്റെ അർത്ഥം അവനു ശരിക്കും മനസ്സിലായി. ആ ചോദ്യം അവന്റെ മനസ്സിൽ ആവർത്തിച്ചു മിന്നിമറഞ്ഞു. ”ഞാനെന്നെത്തന്നാൽ വാങ്ങാനുള്ള ബലമുണ്ടോ?‘ അവളെന്തിനങ്ങനെ ചോദിച്ചുവെന്നത് അന്ന് സംശയമായിരുന്നു. അതും ഇന്നു തീർന്നു.

പെട്ടെന്ന് യമുന വാ തുറന്നു. മുഖവുരയില്ലാതെ അവൾ പറഞ്ഞുതുടങ്ങി.

’യതീ നീ പാവമാണ്. നിനക്കെല്ലാം കളിയാണ്. എല്ലാവർക്കും നിന്നെ ഇഷ്ടവുമാണ്. അല്ല എത്ര പേർ നിന്നെ ഇഷ്ടപ്പെട്ടു? നീയതറിഞ്ഞിട്ടുണ്ടോ? ഞാൻ വെറുതേ പറയുകയാണെന്നു നീ പറയരുത്. അല്ലെങ്കിൽ നോക്ക്, ആ പഴയ ചേച്ചിയെ നിനക്കോർമ്മയുണ്ടോ? മഞ്ജുളച്ചേച്ചി നീ അങ്ങനെയാണ്. നീ പെട്ടെന്നു മറക്കും. അവർക്കു നിന്നോട് എന്തിഷ്ടമായിരുന്നെന്നോ? കാരണം മാത്രം അവരെന്നോടു പറഞ്ഞില്ല. പക്ഷെ എന്റെ മനസ്സിൽ അതിനൊന്നും നല്ല സ്ഥാനമല്ല ഉള്ളത്’.

പിന്നെ പാറു. അവളെ നീ മറന്നിട്ടുണ്ടാവില്ലല്ലോ? അവൾ അപ്പുറത്തെ ക്ലാസിൽ ഇപ്പോഴുമുണ്ട്. അവൾക്കൊരു പ്രണയമുണ്ടെന്നു പറച്ചിലുണ്ട് അത്ര തന്നെ. അവൾക്കും നിന്നെ ഇഷ്ടമാണ്.

അല്ലെങ്കിൽ സരിതടീച്ചർക്ക് നീയാരാണ്? വെറുതെ എന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്. ഒരുപക്ഷേ അതൊന്നും ശരിയായിരിക്കില്ല, ആയിക്കൊള്ളട്ടെ.

എനിക്കും നിന്നെ ഇഷ്ടമാണ്. ഇപ്പോഴും, ഈ നിമിഷവും. പക്ഷെ നീയൊന്നും പറയുന്നില്ല. ഇതു നമ്മുടെ ഒരു ഘട്ടത്തിന്റെ അവസാന ദിവസങ്ങളല്ലേ? നിന്നെ വിശ്വസിച്ച് എങ്ങിനെ ഇറങ്ങിവരും ഞാൻ. വരാൻ നീ പറയുന്നുമില്ല. അല്ലെങ്കിൽ കാത്തിരിക്കാനെങ്കിലും നിനക്കു പറഞ്ഞൂടേ?



നീ പറഞ്ഞിട്ടും കാര്യമൊന്നുമില്ല. കാരണം കാത്തിരുപ്പിൽ എനിക്കു വലിയ വിശ്വാസമൊന്നുമില്ല. ജീവിതം പ്രായോഗികമാക്കാനാണ് എനിക്കിഷ്ടം.

നമ്മുടെ ജീവിതം പുറംകടലിൽപ്പെട്ട വള്ളം പോലെയാണെന്ന് നീ തന്നെയല്ലേ കണ്ടെത്തിയത്? ഈ സമൂഹം നമ്മെ ഒറ്റപ്പെടുത്തിയേക്കാമെന്ന് എന്നെപ്പറഞ്ഞു പേടിപ്പിച്ചതും നീ തന്നെയല്ലേ?

പക്ഷേ യതീന്ദ്രാ, കണ്ട മുതലേ എനിക്കു നിന്നെ ഇഷ്ടമായിരുന്നു. അത് ഇന്നും ഇന്നലേയും തുടങ്ങിയതല്ല. പ്രീയുടെ ആദ്യ നാളുകളിൽ നീയെന്റെ മനസ്സിൽ കയറിക്കൂടി. അവസരമാവുമ്പോൾ നമുക്കൊരുമി

ച്ചൊരു ജീവിതവും ഞാൻ സ്വപ്നം കണ്ടു. കൂടെ അന്നേ ഒരു സംശയവും, ദുർനിമിത്തം പോലെ. ആ സംശയമാണിപ്പോൾ ശരിയായിക്കൊണ്ടിരിക്കുന്നത്. വിധി അല്ലാതെന്തു പറയാൻ.

ഇനി ഒന്നുകൂടി ഞാൻ നിന്നോടു പറയാം. നീയൊരു പ്രത്യേക ജീവിയാണ്. നിന്നെ ഇനിയും പലർക്കുമിഷ്ടമാണെടോ.

മോഹനാംബാൾക്കു നിന്നെ ഇഷ്ടമാണ്. ഞാൻ നിന്റെ ആളാണെന്നു കരുതിയാണ് അവൾ നിന്നോടൊന്നും പറയാത്തത്. സുശീലയും നിന്നെ മോഹിക്കുന്നവളാണെന്നു പറഞ്ഞാൽ നീ അഹങ്കരിക്കരുത്. ഇതിനൊന്നും തെളിവു തരാൻ എന്റെ കയ്യിൽ ഒന്നും തന്നേയില്ല. പക്ഷെ എല്ലാം എപ്പോഴെങ്കിലും നീ അറിയട്ടേയെന്നു ഞാൻ ആശംസിക്കുന്നു.

എത്ര ദിവസമായി ഞാൻ നിന്നോടു പിണക്കം നടിച്ചു നടക്കുന്നു. എന്നിട്ടും നീയെന്നോട് എന്തെങ്കിലും ചോദിച്ചോ? ഇത്ര നാളും എനിക്കു പ്രതീക്ഷയായിരുന്നു. ഇപ്പോഴതു പോയി.

വൈലോപ്പിള്ളി മാഷിന്റെ കവിത പോലെയാവില്ലേ നമ്മുടെ ജീവിതം. യതീ നമ്മളതു മലയാളം ക്ലാസ്സിൽ പഠിച്ചതല്ലേ. ഞാനതൊന്നു കൂടിച്ചൊല്ലാം. ദയവായി ഒന്നു കേൾക്ക്. പിന്നെ പതിഞ്ഞ ശബ്ദത്തിൽ അവളാ കവിത പാടി. 'നിർദ്ദയ ലോകത്തിൽ നാമിരുപേരൊറ്റപ്പെട്ടോർ // അത്രയുമല്ലാ തമ്മിൽത്തമ്മിലും ഒറ്റപ്പെട്ടോർ // പിറക്കാതിരുന്നെങ്കിൽ പാരിൽ നാം സ്നേഹിക്കുവാൻ // വെറുക്കാൻ തമ്മിൽക്കണ്ടുമുട്ടാതെയിരുന്നെങ്കിൽ".

ഇതു നമ്മളെപ്പോലെയുള്ളവർക്കു വേണ്ടി എഴുതിയതല്ലേ യതീ. ഇപ്പോഴും എനിക്കു നിന്നെ വെറുക്കാൻ പറ്റുന്നില്ലല്ലോ. സ്നേഹിക്കാനും കഴിയുന്നില്ല. നമ്മുടെ അല്ല, എന്റെ ഗതികേടാവാം. എന്തായാലും കൊല്ലം കഴിയാറായില്ലേ. ഇങ്ങനെപ്പോകട്ടെ. പിന്നെ നമുക്കെല്ലാം മറക്കാം. മറന്നേ തീരൂ.

യതീന്ദ്രൻ തീരുമാനങ്ങളിലേക്കെത്തുകയായിരുന്നു. അയാൾ പറഞ്ഞു യമുനാ, എന്റെ മനസ്സിൽ നിന്റെ സ്ഥാനത്ത് വേറൊരു പെൺകുട്ടിയില്ല. നിന്നോടു തോന്നിയ വികാരം എനിക്കു മറ്റാരോടും തോന്നിയിട്ടുമില്ല. കുറേ പേരോടൊക്കെ എനിക്കടുപ്പമുണ്ട്. കുറേപേർക്ക് എന്നേയും ഇഷ്ടമാണ്. യമുനേ... സത്യം. പക്ഷെ അവരൊന്നും നിന്റെ സ്ഥാനത്തല്ല. ഇനി നിനക്കു പകരം ഒരുത്തിക്കെന്റെ മനസ്സിൽ ഇടവുമില്ല. ഒരാൾക്കൊരായുസ്സിൽ ഒരാളോടേ പ്രണയം തോന്നൂ. എനിക്ക് അതു നീയല്ലേ? പതിനെട്ടാം വയസ്സിൽ തോന്നിയ പ്രഥമാനുരാഗം. നിനക്കതിൽ സംശയമുണ്ടോ?

യതീ... യമുന കുറച്ചുറക്കെത്തന്നെയാണ് വിളിച്ചത്.

അകലെ ലാബിന്റെ ഉമ്മറത്ത് കുട്ടികൾ പെട്ടെന്നവരെ നോക്കി. പക്ഷെ

അവർ അടുത്തുവന്നില്ല. അവർക്കറിയാമായിരുന്നു യമുനയും യതിയും എന്താണെന്ന്.

യമുന തുടർന്നു. 'യതീ... നീയെന്താണിങ്ങനെ? എനിക്കും പറയാനുള്ളത് നീ പറഞ്ഞതുതന്നെയല്ലേ'.

യതി പറഞ്ഞു. പിന്നെ ഞാനെന്താ പറയുക. ഒളിച്ചോടണോ? എവിടേക്ക്? അതു വേണ്ട യമുനേ. നിന്നെ കഷ്ടപ്പെടുത്താൻ എനിക്കാവില്ല. എടുത്തുചാടി ജീവിതം മുരടിപ്പിച്ച് വിരസമാക്കിയാൽ നമ്മുടെ പ്രണയം ഇല്ലാതാവും. അതു നമുക്കു സഹിക്കാവുന്നതിനും അപ്പുറമാവില്ലേ?

പിന്നേ യതീ?

യമുനക്കു കാത്തിരിക്കാമോ? യതി വെറുതേ ചോദിച്ചു.

എത്ര നാൾ? അറിയില്ല

ആവില്ല യതീ വീട്ടിലെ അന്തരീക്ഷം മാറി മറിയുകയാണ്. അവിടെ എന്റെ തീരുമാനങ്ങൾ നടപ്പിലാവില്ല. അവർക്കെന്നെ ശരിക്കറിയാം. അതുകൊണ്ടു തന്നെ അവർ എന്റെ കാര്യത്തിൽ തീരുമാനങ്ങളെടുത്തു കൊണ്ടിരിക്കുകയാണ്.

അപ്പോൾ

അപ്പോൾ നമുക്കിവിടെ എല്ലാം അവസാനിപ്പിക്കാമല്ലേ. നമുക്കു വഴിപിരി......

പറഞ്ഞവസാനിപ്പിക്കുന്നതിനു പകരം നിയന്ത്രണം വിട്ട് യമുന പൊട്ടിക്കരഞ്ഞു. പിന്നെ പുസ്തകം കൊണ്ടു മുഖം മറച്ചു തേങ്ങാൻ തുടങ്ങി.

പന്തികേടു തോന്നിയിട്ടായിരിക്കണം - അവരുടെ സുഹൃത്തുക്കൾ അങ്ങോട്ടുവരികയായിരുന്നു.

കലാലയ മുറ്റത്ത് അപ്പോൾ സന്ധ്യയുടെ കരിനിഴൽ വീഴാൻ തുടങ്ങിയിരുന്നു.

** ** **

*മുറിവുകളും കുറേ റോസാദളങ്ങളും എന്ന പേരിൽ പ്രസിദ്ധീകരിക്കാനൊരുങ്ങുന്ന നീണ്ട കഥയിലെ ഒരധ്യായമാണിത്.*

# നുകവും കാളയും!



തേച്ചുമിനുക്കി മൂർച്ചകൂട്ടിയ
'നുകം' കയറ്റിവച്ച്
പിന്നിൽ ആഞ്ഞാഞ്ഞു
അടിച്ചടിച്ചു കാളകളാക്കി
കെട്ടിവലിപ്പിക്കുകയാണ്!

ഉഴുതുമറിക്കുന്നത് ഈ മണ്ണിന്റെ
ആത്മാവിനെയാണ്.
ഉച്ചച്ചൂടിൽ തിളച്ചുമറിയുന്നത്
അവരുടെ ചോരയാണ്.


നുകം തെളിക്കുന്നതും കർഷകരാണ്;
വിത്തെറിയാതെ വിളവെടുക്കാനറിയുന്ന
കൈ നനയാതെ മീൻ പിടിക്കാനറിയുന്ന
ഈ വിശാല 'പാഡി'യുടെ അധികാരികൾ.

'നുകം' താങ്ങാൻ വിധിക്കപ്പെട്ടവർ
നടുവളഞ്ഞ്, ചെളിപുരണ്ട്
കൈത്തഴമ്പ് വന്ന
കരുത്തുറ്റവർഗ്ഗം തന്നെയാണ്.

ഓരോ അടിയിലും ജീവിതംതന്നെ
തേഞ്ഞില്ലാതാവുകയാണ്.
കാരണം
അവന്റെ കൈയിലാണല്ലോ ചാട്ടവാറ്....!



മായ ബാലകൃഷ്ണൻ



# നക്ഷത്രത്താരാട്ട്

തൊട്ടടുത്ത് കിടപ്പുണ്ട് ഉപ്പയും ഉമ്മയും
ഇത്തിരിക്കാലം മാത്രമല്ലേ
ജീവിച്ചതുള്ളൂവെന്നും
അതുപോലും
സ്വന്തം ഇഷ്ടത്തിനൊത്താക്കാൻ
അനുവദിച്ചില്ലല്ലോയെന്നും
വന്ന അന്നുമുതൽ
അവരോടുള്ള കയർക്കലുകൾ
ഇന്ന് അവസാനിക്കുന്നു...
ഇന്ന് അവൾ വരുന്നുണ്ട് !

തൂവെള്ളയിൽ പുതുമണവാട്ടിയായി
പരിവാരസമേതം പല്ലക്കിൽ വന്നിറങ്ങിയപ്പോൾ
പള്ളിക്കാട്ടിലെ കുറ്റിച്ചെടികൾ
ചെഞ്ചോരവെട്ടത്തിൽ നൃത്തം ചെയ്തു
ഇല്ലിക്കാട്ടിൽ ബഹളംവെച്ചികൊണ്ടിരുന്ന
ചെമ്പോത്തിൻകൂട്ടം നിശ്ശബ്ദകാഴ്ചക്കാരായി
കണ്ടോ നോക്കിയേയെന്ന്
ചിനക്കിപ്പെറുക്കി നടന്നിരുന്ന
പൂത്താങ്കിരികൾ ഒപ്പനത്താളത്തിൽ
എതിരേറ്റു
തൊട്ടടുത്തു കിടക്കുന്ന അവളുടെ
അറയടച്ചു അനുചരന്മാർ മടങ്ങി

അവളുടെ ഐഹികമുറിവുകൾ ഊതിക്കെടുത്തി
കാറ്റ് പിൻവാങ്ങുമ്പോൾ
പതിയെ കേറി വന്ന ഇരുട്ടിനെ
വകഞ്ഞു മാറ്റി ചന്ദ്രൻ പെയ്തിറങ്ങി ...

ചേരേണ്ടത് ചേരുമെന്ന വിതുമ്പൽ
മൗനത്തിലുറഞ്ഞു കട്ടിയായി
ഉപ്പയുടെയും ഉമ്മയുടേയും കബറുകളിൽ

അവളിലേക്കെത്താൻ എനിക്കെന്നും
ഒരു രഹസ്യവാതിലുണ്ടായിരുന്നു

നെറ്റിത്തടം ഇരുണ്ടു
ചുണ്ടുകൾ വരണ്ടു
അടിവയറ്റിൽ വെള്ളവരകൾ
കാൽമടമ്പിൽ വിള്ളലുകൾ
എന്ന് പരിഭവപ്പെട്ടപ്പോൾ
ഇനിയെന്തിനു ഈ ശരീരമെന്നവൾ ചിരിച്ചു.

അന്നാദ്യമായി ഞങ്ങൾ
ഭയമില്ലാതെ
ദൈവഹൃദയത്തിലിരുന്ന്
നക്ഷത്രങ്ങളെ താരാട്ടി ...



കെ.ടി.എ ഷുക്കൂർ മമ്പാട്



# ചുരുൾ

എത്ര നിവർത്തിയിട്ടും
ചുരുണ്ട് കിടക്കുന്നു
നീ പണ്ടു പറഞ്ഞ വാക്കു പോലെ
കയറിക്കിടന്നാൽ മാത്രം
നിവർന്നിരിക്കും
യഥാർത്ഥ രൂപത്തിൽ
കണ്ടിട്ടില്ലിന്നേവരെ
ഞാനെഴുന്നേറ്റാലൊരു
തേരട്ട!

പകൽ
പലർക്കായ് പകുത്തു നൽകി
കിതച്ചെത്തുമ്പോൾ
ചുരുൾ നിവർന്നുണരും
സന്ധ്യ മുറിഞ്ഞ് നീറി
രാത്രി തുന്നിച്ചേർക്കുമ്പോൾ
കാത്തിരിക്കും
ചുരുട്ടിവെച്ച രഹസ്യങ്ങൾ
മണത്തു നോക്കാൻ
ബാക്കിയായ നെടുവീർപ്പുകൾ
ഊതിപ്പറപ്പിക്കാൻ
അപ്പോൾ
കരിഞ്ഞുണങ്ങിയ കാഴ്ചകൾ
ആകാശം തൊടും
ഭാരമില്ലാത്ത ചുമടുകൾ
തലയിൽ നൃത്തം ചവിട്ടും
എങ്ങനെ കിടന്നാലും
കാലുകൾ പുറത്ത്!

ചുരുണ്ടു ചുരുണ്ട്
നിവരാനാവാതെ
ഞാനും എന്റെ പായയും!



യൂസഫ് നടുവണ്ണൂർ

കഥ



പ്രദീഷ് കുഞ്ചു



# പ്രതിനിഴൽ

**നാ**രായൺ ദാസ്  ഒ പി ടിക്കറ്റിന് ക്യൂവിൽ നിൽക്കുമ്പോഴാണ്  അയാളുടെ ഭാര്യ അയാളെ ഫോണിൽ വിളിച്ചു പറഞ്ഞത്. ഡോക്ടർ 'സി' ക്യാബിനിൽ ആണെന്ന്. അതു പറഞ്ഞുതന്നെ ടിക്കെറ്റെടുക്കണമെന്നും.

'എ', പിന്നെ 'ബി' ക്യാബിനിലൊക്കെ സാമാന്യം തിരക്കുണ്ട്. 'സി' ക്യാബിന് മുന്നിൽ അയാളുടെ  ഭാര്യ അയാളെ കാത്ത്, ക്യാബിനിലേക്ക് കയറാൻ പാകത്തിൽ നിൽക്കുകയാണ്.

‘മേ ഐ കം ഇൻ?‘

ക്യാബിനിലോ മേശമേലോ പേരൊന്നും കണ്ടില്ല. ഒരു നാല്പത്തിനോടടുത്ത് പ്രായം തോന്നും. വെളുത്ത ശരീരം. വെളുപ്പും കറുപ്പും കലർന്ന് അച്ചടക്കമില്ലാതെ ചിതറിക്കിടക്കുന്ന തലമുടി. ഒരു ഡോക്ടറുടെ, അതും ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഒരാൾക്ക് ചേരാത്തവിധം ആകെക്കൂടി പൊളിഷ്ഡ് അല്ലാത്ത രൂപം.

‘എവിടുന്നാ, അട്ടപ്പാടിയിൽ നിന്നാണോ‘?

ഡോക്ടറുടെ ചോദ്യത്തിൽ നാരായൺ ദാസിന്റെ നെഞ്ചിൽ  അപമാനന്റെ നുര ഏന്തി വന്നു. പിന്നെ മനസ്സിനെ നിർബന്ധിപ്പിച്ച് ഒതുക്കി പറഞ്ഞു.

‘അല്ല. മണ്ണാർക്കാട് ആണ്‘

നാരായൺ ദാസിന്റെ ഭാര്യയുടെ തലയും കഴുത്തും 'അതേ' എന്നതിൽ നിന്നും 'അതേ' എന്നോ 'അല്ല' എന്നോ ഉള്ള ഉത്തരത്തിലേക്ക് എത്തിച്ചേരാൻ അല്പം സമയം എടുത്തു.

നല്ല പൊളിഷ്ഡ് ആയ ഇംഗ്ലീഷിൽ തന്നെയാണല്ലോ താൻ അകത്തേക്ക് കയറട്ടേ എന്ന് ഡോക്ടറോട് ചോദിച്ചത്?. ഇന്ന് മാർക്കറ്റിൽ കിട്ടുന്ന ഏറ്റവും മികച്ച ബ്രാൻഡഡ് പാന്റ്സും ഷർട്ടും തന്നെയാണല്ലോ ധരിച്ചിട്ടുള്ളത്?. പിന്നെ ഡോക്ടർക്കെങ്ങനെയാണ് താൻ അട്ടപ്പാടിക്കാരനാണെന്ന് മനസ്സിലായത്?. നാരായൺ ദാസിന്റെ തലച്ചോറിന് കുറേക്കൂടി മികച്ച ഉത്തരം കിട്ടണമായിരുന്നു.

‘പറയൂ, എന്താണ്  പ്രശ്നം?‘

കറങ്ങുന്ന കസേര ശബ്ദമില്ലാതെ തിരിച്ച്, നാരായൺ ദാസിരിക്കുന്ന സ്റ്റൂളിന് അ

ഭിമുഖമായി ഡോക്ടർ ഇരുന്നപ്പോൾ, ചോദിച്ച ചോദ്യത്തിന് പക്ഷെ അയാളുടെ ഭാര്യ ആണ് ഉത്തരം കൊടുത്തത് -

'ഇയാൾക്കെപ്പോഴും സങ്കടം ആണ് ഡോക്ടറേ. രാത്രീല് പോലും ശരിക്ക് കെടന്നുറങ്ങൂല്ല. എപ്പഴും ഇങ്ങനെ കൂനിപ്പിടിച്ചോണ്ടിരിക്കും. ഞാ ചോദിച്ച, ഒന്ന് ഒട്ടും പറയേം ഇല്ല'.

പേന ഞെക്കി, പ്രിസ്ക്രിപ്ഷൻ പാഡിലേക്ക് തിരിഞ്ഞ്, ഡോക്ടർ ചോദിച്ചു -
'എന്താ പേര്?'
'നാരായൺ ദാസ്'
'വയസ്സ്?'
'മുപ്പത്തിനാല്'

'ദാസ്, അച്ഛന്റെ പേരാണോ?'

അല്ല. അടിമയുടെ പര്യായം ദാസൻ. സഹ്യന്റെ അടിമ. ചുരങ്ങളിലെ കാറ്റിന്റെ, കലങ്ങിമറിയുന്ന കാട്ടാറിന്റെ , മലയിടുക്കിലെ ഉറവയുടെ, പുറത്ത് പട്ടണത്തിലെ ഇരുട്ടിന്റെ, ഒടുക്കം എന്റെ വംശ പരമ്പരയുടെ .
നാരായൺ ദാസ് ഉത്തരമൊന്നും പറഞ്ഞില്ല.

'എന്ത് ചെയ്യുന്നു, നാരായൺ ദാസ്?'
ഡോക്ടറുടെ ശബ്ദം വളരെ താഴ്ന്നിരുന്നു.

'യൂണിവേഴ്സിറ്റി കോളേജിൽ അസോസിയേറ്റ് പ്രൊഫെസ്സറാണ്'

ഡോക്ടർ, നാരായണൻ ദാസിന്റെ ചുമലിൽ വിരലുകൾ കൊണ്ടുമാത്രം പിടിച്ചു.

പിടിക്കൂ, എന്നെ ചേർത്തുപിടിക്കൂ, അറപ്പില്ലാതെ, വെറുപ്പില്ലാതെ, എന്നെയും എന്റെ വംശപരമ്പരയേയും ചേർത്തുപിടിക്കൂ.

'വല്ലാത്ത ഡിപ്രെഷൻ ആണ്. മൈൻഡിന് ഒരുതരത്തിലും ഫ്രീ ആവാൻ പറ്റുന്നില്ല. ചെറിയ അസ്വസ്ഥകൾ പോലും മറികടക്കാൻ കഴിയുന്നില്ല. ചെറിയ കാര്യങ്ങൾ അത് സങ്കടം ആവണം എന്ന് പോലും ഇല്ല, എന്നെ വല്ലാതെ തളർത്തുന്നു. എപ്പഴും എല്ലാ സമയത്തും ഒറ്റക്കാണെന്ന തോന്നൽ'

'ദാസ് മര്യാദക്ക് ഫു ഡൊക്കെ കഴിക്കാറുണ്ടോ. ശരീരം ആകെ മെലിഞ്ഞാണല്ലോ?

'എവിടന്ന്'- നാരായൺ ദാസിന്റെ ഭാര്യയാണ് പറഞ്ഞത്.
ഡോക്ടർ അവരോട് ഇരിക്കാൻ ആംഗ്യം കാട്ടി.

ചെയറിൽ ഇരുന്ന അവർ വീണ്ടും തുടർന്നു -
'അത് മാത്രല്ല. രാത്രീല് പലപ്പോഴും ഇയാള് കാരയാറുണ്ട്, ചോയിച്ചാലൊട്ട് പറയേം ഇല്ല'

'മക്കളെത്രപേരാ?'
'രണ്ട് പേരാ, രണ്ടും പെണ്ണാ'

നാരായൺ ദാസിന്റെ തല കുനിഞ്ഞു പോയിരുന്നു.
രാത്രി കിടക്കയിൽ കമഴ്ന്ന് കിടന്ന് കരയുമ്പോൾ, വായടക്കാതെ വിശേഷങ്ങൾ പറയാറുള്ള മൂത്തമകൾ സിൻഡ്രല, സംസാരം നിർത്തും. കേട്ടിട്ടും കേൾക്കാത്ത പോലെ അവൾ മുഖം തിരിച്ചു കിടക്കും. 'അപ്പ പാവമാ' എന്ന് അമ്മയോട് പറയാൻ, അവൾക്ക് അത് തന്നെ മതിയായിരുന്നു.

'നിങ്ങൾ പരിചയപ്പെട്ടു വിവാഹം കഴിച്ചതാണോ?'

എന്തിനാണ് ഡോക്ടർ, എന്തിനാണ് അങ്ങനെയൊരു അന്വേഷണം. മടുത്തു. തീരെ മെലിഞ്ഞലിഞ്ഞവന്റെ ദുഃഖം, തീരെ കറുത്തവന്റെ ദുഃഖം. ഇതുവരെ
എഴുതിയതൊക്കെ അബന്ധങ്ങളായ ആത്മവിശ്വാസത്തിന്റെ പുറത്തായിരുന്നു. എത്ര അടച്ചുപിടിച്ചാലും ഹൃദയം വെട്ടിത്തുറന്ന് അവ പുറത്തുവരും. അവലക്ഷണത്തിന്റെ നിറവുംപേറി. തീരെ മെലിഞ്ഞലിഞ്ഞവന്റെ ദുഃഖം, തീരെ കറുത്തവന്റെ ദുഃഖം.
നോക്കു ,
നീയെത്ര വെളുത്തിട്ടാണെന്ന്.
കയ്യിലെ പച്ചഞരമ്പുകൾ പോലും തെളിഞ്ഞുകാണാം.
അതിലൂടെ ഒഴുകുന്നതെന്താണ്? അശുദ്ധരക്തം!
ദൈവമേ നന്ദി
എന്നെക്കുഴച്ച- മാവിലൽപ്പം,
മഷി കലക്കിയതിന്.
നാരായൺ ദാസിന്റെ തല വീണ്ടും കുനിയുകയും അയാളുടെ ഭാര്യയുടെ തല 'അ

തെ' എന്നർത്ഥത്തിൽ കുലുങ്ങുകയും ചെയ്തു

ഒരു ദീർഘ നിശ്വാസം വിട്ട്, ഡോക്ടർ കുറേക്കൂടി അടുത്തുവന്ന് നാരായൺ ദാസിനോട് പറഞ്ഞുതുടങ്ങി.

'നോക്കൂ, ദാസ്, ഇനി പറയുന്ന കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചു കേൾക്കണം. നിങ്ങൾക്കത് ഇഷ്ടപെടണം എന്നില്ല. എന്നാലും പറയട്ടെ; നിങ്ങൾക്ക് അസുഖമൊന്നും ഇല്ല'

ഉണ്ട്. എനിക്ക് മാരകമായ അസുഖം ഉണ്ട്. പിടിവിട്ടു വരാത്ത സൂക്കേട്, എന്റെ കുഴിയോളം എന്നെ തളച്ചിടുന്ന സൂക്കേട്. നടവഴിയുടെ ഈർപ്പത്തിലും, കഴായി കുണ്ടിന്റെ ആഴത്തിലും, നീർച്ചാട്ടത്തിന്റെ ആകാശത്തിലും, എരുക്കിന്റെ ഉയരത്തിലും, ആലിന്റെ പരപ്പിലും, ചൂടടുപ്പിന്റെ കനലിലും, കോറപ്പായുടെ സുഖത്തിലും കെട്ടിയിടുന്ന സൂക്കേട്.

'അതിന്റെ ഒന്നാമത്തെ സ്വഭാവം ഞാൻ പറയാം.

നിങ്ങൾക്കുള്ള സങ്കടങ്ങൾ എല്ലാം നിങ്ങൾ സൃഷ്ഠിക്കുന്നവയാണ്. നിങ്ങൾക്ക് സ്വയം വിഷാദം സൃഷ്ടിക്കാനുള്ള കഴിവുണ്ട് എന്നതാണ്. അത് നിങ്ങളെയല്ല, നിങ്ങളാണ് അവയെ സൃഷ്ടിക്കുന്നതും നയിക്കുന്നതും

നിങ്ങളുടെ വികാര വിചാരങ്ങൾ വളരെ ശക്തമായവയാണ്. അതോ, നിങ്ങൾക്ക് വേണ്ടാത്തതായ ചിന്തകളും വികാരങ്ങളും.'

എന്താണ് ഞാൻ ഉപേക്ഷിക്കേണ്ടത്.

എന്റെ ഭാഷ, വേഷം ,നാട്, വംശം, ഇതെല്ലാം ഉപേക്ഷിക്കാനുള്ള ഒരു വഴികൂടി പറയൂ. എന്നിട്ട് ഞാനെന്റെ ചിന്തയെക്കൂടി ഉപേക്ഷിക്കാം. എത്ര വെട്ടിതെളിച്ചാലും കാടുപോലെ മുളച്ചുപൊന്തുന്ന എന്റെയീ ചിന്തകളെ.

'ഇനി അതല്ല. ഇതൊക്കെ നിങ്ങളിൽ തനിയെ ആണ് വരുന്നതെങ്കിൽ നിങ്ങൾക്ക് ക്ലിനിക്കലി അസുഖം ഉണ്ട് എന്നതാണ്. അതിനർത്ഥം നിങ്ങൾ എന്റെയടുക്കൽ എത്തിച്ചേർന്നിരിക്കുന്നു എന്നതാണ് സത്യം.

പിന്നെയുള്ള സാധ്യത ഇത് ജനിതകപരമാവാം എന്നതാണ്. അതായത് നിങ്ങളുടെ അച്ഛന്, നിങ്ങടെ പരമ്പരയിൽ നിന്ന് നിങ്ങൾ സ്വീകരിച്ചത്. അങ്ങനെയല്ല ഇതെന്ന് എനിക്കറിയാം.

എന്താ ശരിയല്ലേ?'

നാരായൺ ദാസിന്റെ ഭാര്യ കൃത്യമായും അതിന് 'അതെ' എന്ന ഉത്തരം പറഞ്ഞു.

അതെങ്ങനെ ശരിയാവും. ഉമിക്കൂനയുടെ കനല് കായുമ്പോൾ. ഉച്ചവെയിൽ ചൂടിൽ തിരമാലപോലെ വരയിട്ട നെല്ലിൽ കാൽകൊണ്ട് ചീകുമ്പോൾ. നാൽപ്പത് കിലോ ഭാരമുള്ള ആ ഉടലിന്റെ മേൽ അമ്പതുകിലോ ചാക്കുകളുടെ ഭാരം പല്ലുകടിച്ചു കനക്കുമ്പോൾ. അമ്മ വിളമ്പുന്ന കൂട്ടാൻപാത്രങ്ങൾ മുറ്റത്തേക്ക് വലിച്ചെറിയുമ്പോൾ. പുതിയ പട്ടണവീട്ടിലേക്ക് ഒറ്റയാനേപ്പോലെ തളച്ചിട്ടപ്പോൾ. ഒക്കെ അയാള് വിഷാദത്തിന്റെ നറസിക്കുന്ന് കേറിക്കാണണം.

'ഇയാള് അകാരണമായി ദേഷ്യപ്പെടാറുണ്ടോ?'

നാരായൺ ദാസിന്റെ ഭാര്യയോടാണ് ഡോക്ടർ ചോദിച്ചത്. 'അതേ' എന്ന അർത്ഥം നൽകുന്ന തലയാട്ടം വളരെ പതുക്കെ അവർ ഡോക്ടർക്ക് നൽകി. 'ഇടക്കിടെ' എന്ന് അതിന്റെ അവസാനം നാരായൺ ദാസിനെ രക്ഷിക്കാനെന്നോണം പറഞ്ഞുവെക്കുകയും ചെയ്തു.

'നാരായൺ ദാസ് നിങ്ങൾ ദേഷ്യപ്പെടുന്നു. എന്തിന്. ആരോട് എന്നതിന് എന്റെ പക്കൽ ഉത്തരമുണ്ട്. നിങ്ങൾക്ക് ദേഷ്യമുണ്ടാകുകയാണ്. അത്രയേ ഉള്ളൂ. അല്ലാതെ നിങ്ങൾ ആരോടെങ്കിലും ദേഷ്യപ്പെടാൻ വേണ്ടി ദേഷ്യം ഉണ്ടാക്കുകയല്ല. ഇത് അധികകാലം തുടരാനാവുന്ന ഒരു കളിയല്ല. അത് കൈവിട്ട് പോകുന്ന ഒരു കളിയാണ്. കുറച്ചുനാൾ കൂടി നിങ്ങൾ ഇത് തുടർന്നാൽ നിങ്ങൾക്ക് നിങ്ങളെ നഷ്ടപ്പെടും നാരായൺ ദാസ്. ആളുകളോട് ദേഷ്യം പിടിക്കുന്നത് നിങ്ങളുടെ അവകാശം ആണെന്ന് നിങ്ങൾ വിചാരിക്കരുത്. ഇനിയും നിങ്ങൾക്ക് ദേഷ്യം നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ ക്ലിനിക്കലി ഒരു രോഗിയായി കഴിഞ്ഞു എന്ന് മാത്രം'.

കസേരകൾ ഉടയുന്ന ശബ്ദം. ലാപ്ടോപ്പിന്റെ കീബോഡിലെ കീകൾ വിറക്കുന്ന അപതാളം.

ഡോക്ടറുടെ ശബ്ദം ഉയർന്നുവരുന്നു.

'ആളുകളോട് ദേഷ്യപ്പെടുകയും വിഷാദം ഭാവിച്ചു ഇരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾക് ശ്രദ്ധകിട്ടും എന്ന് നിങ്ങൾ വിചാരിക്കുന്നതിന് ഇനി നിങ്ങൾക് അവകാശമില്ല. കാരണം നിങ്ങൾ ജീവിക്കുന്നത് നിങ്ങളുടെ ബാല്യകാലത്തിലല്ല. ബാല്യകാലത്തിൽ നിങ്ങൾക്കെങ്ങനെ ഒരുപാട് അവകാശങ്ങൾ ഉണ്ടായിരുന്നിരിക്കാം'

കനല് തിളക്കുന്ന ചോറ്റുകലത്തിന്റെ ചൂടിനൊപ്പം ചേർന്നിരിക്കുന്ന ഓർമകൾ അയാളെ പൊതിഞ്ഞു. മണ്ണിരകൊത്തിച്ച് മീനുകളെ കബളിപ്പിച്ചുകൊണ്ടിരുന്ന ഇടവേളകൾ, കൂട്ടില്ലാതെ ഒറ്റക്ക് കാടുകടക്കുന്ന ഏകാന്തതകൾ, പുസ്തകങ്ങൾ സമ്മാനിച്ച നിശബ്ദത, അധ്യാപകരുടെ ഒതുക്കലുകൾ.

അങ്ങനെ നല്ല കുട്ടിയായി വളർന്ന ഒറ്റപ്പെടലുകൾ.

'നാരായൺ ദാസ്. ഒരു കാര്യം അവസാനമായി പറയുന്നു. അത് പ്രത്യേകം ശ്രദ്ധിക്കണം.

വിഭ്രാന്തിക്കും സമാധാനത്തിനും ഇടക്കുള്ള വര വളരെ നേർത്തതാണ്. നിങ്ങൾ വിഷാദം സൃഷ്ടിക്കുമ്പോഴും ദേഷ്യപ്പെടുമ്പോഴും ആ വര നിങ്ങൾ മായ്ച്ചുകൊണ്ടിരിക്കുകയാണ്. ഒരു ദിവസം നിങ്ങൾക്ക് ആ വര കണ്ടെത്താൻ കഴിഞ്ഞെന്ന് വരില്ല. ഉള്ളതിനെക്കുറിച്ചു ചിന്തിക്കുക. ഉള്ളതിനെ അനുഭവിക്കുക. നാരായൺ ദാസ്, കെട്ടിപ്പടുക്കുവോളം മാത്രമാണ് സ്വപ്നത്തിന്റെ ഭംഗി.

ഇപ്പ ഞാൻ. മരുന്ന് തരാം. ഇനി ഇവിടെ വരരുത്.

വന്നാൽ ഇനി ഞാനും നിങ്ങളും തമ്മിൽ പിരിയാനാവാത്ത ബന്ധം ഉണ്ടാകും. അത് വേണ്ട.'

'നിങ്ങൾ ഇവിടെ ഇരുന്നോ. ഞാൻ പോയി മരുന്ന് വാങ്ങി വരാം'.

ഡോക്ടറുടെ കാബിനിൽ നിന്ന് പുറത്ത് ഇറങ്ങിയ ഉടൻ നാരായൺ ദാസിന്റെ ഭാര്യ പറഞ്ഞു. കാബിനിലേക്ക് കേറാനോ കാത്തു നിൽക്കാനോ ആരും ഉണ്ടായിരുന്നില്ല. മാറ്റ് ക്യാബിനുകളിലും രോഗികളും ഒഴിഞ്ഞിരുന്നു.

നാരായൺ ദാസ് ഒരു ദീർഘ നിശ്വാസം



വിട്ടു. അയാൾ അയാളോട് തന്നെ ആത്മവിശ്വാസത്തോടെ സംസാരിക്കുകയാണ്.

ഡോക്ടറുടെ പേര് ചോദിക്കാമായിരുന്നു. എന്തിന്! ഇനി ഡോക്ടറെ കാണാൻ വരില്ലല്ലോ.

ഒന്നുകൂടി ക്യാബിനിലേക്ക് കയറിച്ചെന്നാലോ?

അവസാനമായി ഡോക്ടറുടെ മുന്നിൽ ചെന്ന് ഉള്ളുതുറന്നൊന്ന് പൊട്ടിക്കരഞ്ഞാലോ? അയാൾക്കെന്നെ മനസ്സിലാവും. അ

യാൾക്ക് മാത്രം. വേണ്ട!. പ്രതീക്ഷകൾ ഇല്ലാതെ ജീവിക്കണം. ഇനിയും എന്റെ കടിഞ്ഞാണില്ലാതെ ജീവിതത്തോട് അടിയറവ് പറയാൻ വയ്യ.

ഡോക്ടറുടെ ക്യാബിനിലേക്ക്ഒരിക്കൽ ക്കൂടി കയറി ചെന്നാലോ?. ഭാര്യ മരുന്നുമായി വരുന്നതിന് മുൻപ്. ഡോക്ടരുടെ പേരെങ്കിലും ഒന്ന് ചോദിക്കാൻ.

നാരായൺ ദാസ് ഡോക്ടറുടെ ക്യാബിനിലേക്ക് കയറിച്ചെന്നു.

'നിവിരി പിന്നേം വന്തിതി, ലാ?

എന്ക്കിനിമ ജീവിക്കൊണാറ്ന്ത്. എന്നെ എന്ക്ക് പിന്നേം കൊണ്ടുവറണാറ്ന്ത്. എത്ത് ഭാസേത്തിരുന്ത്. വേസത്തിരുന്ത്, വംസത്തിരുന്ത്.

ഇത്തനീ ആളത്തീ ഊന്തുപോയത്തുമ് നിവിരി എത്ത് അടിയുറക്കാക്ക് വന്തതാ?'

('നിങ്ങൾ വീണ്ടും വന്നു. അല്ലേ?

എനിക്കിനിയും ജീവിക്കണമായിരുന്നു. എന്നെ എനിക്ക് വീണ്ടെടുക്കണമായിരുന്നു. എന്റെ ഭാഷയിൽ നിന്ന്, വേഷത്തിൽ നിന്ന്, വംശത്തിൽ നിന്ന്.

ഇത്രമേൽ ആഴത്തിൽ വീണുപോയിട്ടും. നീയെന്റെ വേരറുക്കാൻ വന്നതാണോ?')

ഡോക്ടർ, ഞാൻ ഡോക്ടറെ സുമ്മാ പാക്കാക്ക്തെ വന്തേ.

('ഡോക്ടർ, ഞാൻ ഡോക്ടറെ വെറുതേ കാണാൻ വന്നതാണ്')

'അല്ല. ഞാന് നിന്നെതെ പാക്കാക്ക്തെ വന്തേ.'

('അല്ല. ഞാൻ നിന്നെയാണ് കാണാൻ വന്നത്')

'ഡോക്ടർ, ഡോക്ടറ്ത് കൊറല് ഒസൊററിത്.'

('ഡോക്ടർ, ഡോക്ടറുടെ ശബ്ദം വല്ലാതെ ഉയരുന്നു')

'എങ്ക് എത്ത് കൊറല്

അത് കാട്ക്ക്മു, കാട്ടാറുക്ക്മു വിട്ട് കൊടുത്തതാക്ക്. എനാക്ക്നീ അത് പിന്നേം പറാന്തവന്താ? എന്നെ സങ്കടപെടുത്തക്കാക്ക?

എന്നെ ഇല്ലാതാക്കാക്കാ?

('എവിടെന്റെ ശബ്ദം.

അത് കാടിനും, കാട്ടാറിനും വിട്ടു കൊടുത്തതാണ്. എന്തിന് നീ അത് തേടിപ്പിടിച്ചു വീണ്ടും കൊണ്ടുവന്നു. എന്നെ മുറിവേല്പിക്കാൻ, എന്നെ ഇല്ലാതാക്കാൻ?)

ഡോക്ടർ ഒരു ശ്വാസം എടുത്ത്, വീണ്ടും അതേ വേഗതയിൽ തിരിച്ചെത്തി.

'നീ എനാത് പഠിപ്പിക്കാ?'
('നീ എന്താണ് പഠിപ്പിക്കുന്നത്?')

'നമ്മ്ത്ത് മാതൃ ഭാസേയന, മലയാളത്തിന'
('നമ്മുടെ മാതൃഭാഷ, മലയാളം')

'ഏങ്ക് ഒന്ത് സൊല്ലു എത്ത് അമ്മള്ത്ത് ഭാസെതി.

എത്ത് ചോര ഭാസെതി. സൊല്ല് എമ്മ്ത് മാതൃ ഭാസേനെ'.

(എവിടെ ഒന്ന് ചൊൽകെന്റെ സോദര. എന്റെ അമ്മതൻ ഭാഷയിൽ, എന്റെ ചോര തൻ ഭാഷയിൽ, ചൊൽകയെന്റെ മാതൃഭാഷ.)

'കൊന്തതാക്കൂ ഭാസേനെ. കാണാതെ പോനത് വേലുമെ കാണാലില്ലേന്തി ഓർക്കാതെ

കൊന്ത്, എക്കനാറു എത്ത് ഭാസേനെ. മാതൃഭാസേങ്കേ പേര്തി എല്ലാ മലയാളിയാം സേന്ത്'.

('കൊന്നതാണെന്റെ ഭാഷയെ. കാണാതെ പോയതുപോലും കാണ്മാനില്ല എന്നോർക്കാതെ. കൊന്നതാണവർ. എന്റെ ഭാഷയെ. മാതൃഭാഷയെന്ന പേരിൽ എല്ലാ മലയാളികളും ചേർന്ന്)

'എനക്കൊന്ന് ളാറോണായിരുന്ത്ത്'
('എനിക്കൊന്നു കരയണമായിരുന്നു')

എനാക്ക്. ഇനീം നിന്ക്ക് മതിയാകല്ലേനാ

നിത്ത് കണ്ണ്ന്താണി. അത് നിനക്ക് മാത്രതെ രുസിക്കാക്ക് മുടിയൂ.

ഇന്തത്തെ നാടക ജീവിതത്തീ നിത്ത് കണ്ണ്ന്താണിക്ക് എന വെലെ? വെല കെട്ട ജീവിതം കൊണ്ട് പിന്നെം പിന്നെം എന്നെ കൊലക്ക് കൊടുക്കാന.

('എന്തിന്? ഇനിയും നിനക്ക് മതിയായില്ലേ. നിന്റെ കണ്ണീർ, അത് നിനക്ക് മാത്രേ രുചിക്കാൻ കഴിയൂ.

ഇന്നിന്റെ അഭിനയജീവിതത്തിൽ നിന്റെ

കണ്ണീരിന് എന്ത് വില. വിലകെട്ട ജീവിതവും പേറി. വീണ്ടും വീണ്ടും. എന്നെ കുരുതി കൊടുക്കാൻ')

'ഡോക്ടർ, ഡോക്ടറ്ത് കണ്ണെല്ലാ രക്ത കളറാകുത്'

('ഡോക്ടർ, ഡോക്ടറുടെ കണ്ണുകൾ ചുവന്നു നിറയുന്നു')

ഇനിയും മരുന്നു വാങ്ങി വരാത്ത തന്റെ ഭാര്യയെ ഓർത്ത് അയാൾക്ക് ദേഷ്യം തോന്നിയില്ല.

ഒരിക്കൽക്കൂടി കയറി ചെന്നാലോ. ഭാര്യ കേറി വരുന്നതിന് മുൻപ്. ഡോക്ടരുടെ പേരെങ്കിലും ഒന്ന് ചോദിക്കാൻ. നടന്നുകൊണ്ടിരുന്ന നാരായൺ ദാസ് അടുത്ത ക്യാബിന്റെ മുൻപിലുള്ള കസേരയിൽ ഇരുന്നു.

'മിടുക്കനാ'

ഒരു മദ്ധ്യ വയസ്ക്കൻ അവിടെ ഇരുപ്പുണ്ടായിരുന്ന കാര്യം നാരായൺ ദാസ് അപ്പോഴാണ് ശ്രദ്ധിച്ചത്.

ഇയാൾ ഇവിടെയിരുന്നത് ഞാൻ എന്താണ് കാണാതെ പോയത്. നാരായൺ ദാസ് ചിന്തിച്ചു

'ആര്?'

'അല്ല, നിങ്ങടെ ഡോക്ടറേ'

'ഓ'

നാരായൺ ദാസിന്റെ ഭാര്യ മരുന്നുമായി വന്നു.

'മുഷിന്ത്താ'

('മുഷിഞ്ഞോ')

'ഇല്ലേ'

('ഇല്ല')

'അതെനാക്ക്, കാത്തിരിപ്പ് വേറെന്നതേ ഇല്ലാത്ത ആളേനാ?'

(അതെന്താ, കാത്തിരിപ്പ് വല്യ പിടിത്തം. ഇല്ലാത്ത ആളാണല്ലോ?)

'ഏയ്, ഇനി എത്തനി വേണ്ന്താലും കാത്തിറ്ക്കിലാ'

('ഏയ്, ഇനി എത്ര വേണേലും കാത്തിരിക്കാം')

'അതു ശരി, ഡോക്ടർ ഇത്തനി വേഗ നിമ്മെ മാത്തിനേനേ?'

('അതു കൊള്ളാം. ഡോക്ടർ ഇത്രവേഗം നിങ്ങളെ മാറ്റിയോ?')

(മാത്തിനാന്ത് വേണ്ന്താലും സൊല്ലുകിലാ)

'മാറ്റിയെന്ന് വേണമെങ്കിൽ പറയാം'

'ഇനിയിപ്പാ ഈ മറുന്തള്ളാ തിറുപ്പികൊടുക്കണമാ?'

('ഇനിയിപ്പോ ഈ മരുന്നൊക്കെ തിരിച്ചു കൊടുക്കണോ?)

നാരായൺ ദാസിന്റെ ഭാര്യ മൃദുവായി ചിരിച്ചു.

'ഏയ് ഇത് അവകാസവാദമൊന്തു അല്ലാട്ട

എന്താലുമു സൊല്ലുകേമു, ഇനി നമുക്ക് ഇങ്കെ വരണോന്ത്ല്ലേ. നിസമായതേ'

('ഏയ്, അവകാശവാദമൊന്നും ഇല്ല. എന്നാലും പറയാണ്. ഇനി നമുക്ക് ഇങ്ങോട്ട് വരണം എന്നില്ല. ഉറപ്പായും')

'എന്താതെ ഡോക്ടർക്കേ സൊല്ലിത്തതേ കാര്യാ. ഡോക്ടറെ ഒന്ത് പത്താലോ?'

('എന്ന അത് ഡോക്ടറോട് പറഞ്ഞിട്ടു തന്നെ കാര്യം. ഡോക്ടറെ ഒന്ന് കണ്ടാലോ?')

'പിന്നെ ന്നാതു'

('പിന്നെന്താ')

നാരായൺ ദാസും ഭാര്യയും ഡോക്ടറുടെ ക്യാബിനിലേക്ക് കയറി. ഡോക്ടർ ജനാലക്ക് നേരെ നോക്കി ഇരിപ്പാണ്. ചെയർ ജനാലക്ക് അഭിമുഖമായി തിരിച്ചിരുന്നതു കൊണ്ട് മുഖം കാണാൻ സാധിച്ചില്ല. നാരായൺ ദാസ് ഡോക്ടറെ വിളിച്ചു. ഡോക്ടർ വിളികേട്ടില്ല. വീണ്ടും വിളിച്ചു. കേൾക്കുന്നില്ല. നാരായൺ ദാസിന്റെ ഭാര്യയും വിളിച്ചു. ഡോക്ടർ കേട്ടില്ല. നാരായൺ ദാസ് ഡോക്ടറുടെ ചെയറിൽ പിടിച്ചു തിരിച്ചു. മുഖം കോടിയൊടിഞ്ഞ്, ശരീരം ചലനമറ്റ്, ഡോക്ടറുടെ ശരീരം തന്റെ നിഴലിലേക്ക് അവസാനമായി കാലുകുഴഞ്ഞു കൂപ്പുകുത്തി.

നിഴലല്ല. നീയത്രേ നിന്റെ നിഴലിനെ പിന്തുടരുന്നത്.

കവിത

# ഒന്നാം ക്ലാസിൽ ബാക്കിയായവർ



സരസ്വതി. കെ.എം

കറുപ്പിക്കാൻ വേണ്ടി
അവരന്നു തേച്ചൊരച്ചു പോയ
ചെമ്പരത്തിയുടെ മണം പോലും
അലിഞ്ഞു തീർന്ന്,
ഇനിയെന്നാവും വെളുക്കുകയെന്ന്
ബോർഡ് മയങ്ങിപ്പോയ നേരത്താണ് ,

ചുമരിലെ കൊളുത്തടർന്ന വീണ
മഞ്ചാടി സഞ്ചിയിലെ
മുത്തുകളും കോട്ടികളും
ക്ണിക്ണിയെന്നു പരക്കെയുരുണ്ടു തുടങ്ങിയത്.

ഒച്ച കേട്ട്,
ഒരു നിമിഷം മതിമറന്ന ബെഞ്ച്,
ആടിയാടിയൊടിഞ്ഞ കാലുമായ്
ആരുമില്ലാതെത്രനാളെന്നുരഞ്ഞ,ഡെസ്കിനോട് ,
എത്തി , അവരെത്തി,
എന്നാർത്തു.!

പാതി നിർത്തി, പിരിഞ്ഞു പോയ
പാട്ടേതാണെന്ന്
എത്രയോർത്തിട്ടും കിട്ടാത്ത ജനൽപ്പാളികൾ
കാറ്റ് വന്നു നനച്ച മുഖം തുടച്ച്
പുതിയ മഴപ്പാട്ടിനൊപ്പമാടാൻ ഒരുങ്ങി നിന്നു.

വാതിൽപ്പാളിക്കിടയിലേക്കെത്തി നോക്കി
തുണ്ടുപെനസലും ക്രയോണും
മായ്ക്ക റവറും ഡസ്റ്ററും
പത്തുമണിയടിക്കുമ്പളോടാൻ
ഒരു കാലകത്ത് വെച്ച്
ഓങ്ങിനിന്നു


കഞ്ഞിയമ്മയുടെ സാമ്പാറിൽ
അമ്മ തന്ന അച്ചാർ കലക്കി
വട്ടമിട്ടു തൊട്ടുനക്കിയ
രുചിക്കൂട്ടിലൂളിയിട്ട് മൂലക്കിരുന്ന
പാത്രങ്ങളിൽ തട്ടി കോട്ടി നിന്നു.

ഒച്ച നിലച്ചു.
എല്ലാരുമോർമയിൽ നിന്നുണർന്നു
മച്ചിലെ ചിലന്തികൾ
പാതി നിർത്തിയ വല
പൂർത്തിയാക്കാൻ തുടങ്ങി.

എന്നിട്ടുമിപ്പോഴും
ഫോണിൽ നിന്നും കണ്ണെടുക്കാതെ
ഒന്നാം ക്ലാസിലെ ഒച്ചകൾ
വരാന്തയിൽ പമ്മിപ്പതുങ്ങുന്നത്
ജയ ഹേ പാടി ഓടാൻ തന്നെയല്ലേ ....?



കവിത



# ഗാന്ധി



**കൃഷ്ണകുമാർ മാപ്രാണം**

വട്ട കണ്ണടയ്ക്കുള്ളിൽ
വിദ്യോതിക്കുന്ന കണ്ണുകൾ
അർദ്ധകായത്തിൽ
ഒരൊറ്റ മുണ്ടു മാത്രം
ആജാനുബാഹുക്കളിലൊന്നിൽ
ഒരു വടിയുമാഞ്ഞു കുത്തി
മനോനിശ്ചയത്താൽ
ശീഘ്രം നടപ്പൂ മഹാത്മൻ
ജനസാഗരത്തിൻ
കണ്ണീരൊപ്പിയും
സ്വാതന്ത്ര്യത്തിൻ വീര്യം
തട്ടിയുണർത്തിയും
നയിച്ചീടുന്നു മൂവർണ്ണകൊടിയുമേന്തി
മണ്ണിൽ പദമൂന്നികൊണ്ടാ മഹാത്മൻ
ചർക്കയിൽ നൂൽ നൂല്ക്കുന്നു

കുറുക്കുന്നു കറിയുപ്പും
നയിക്കുന്നു അഹിംസാ
സത്യാഗ്രഹ സമരങ്ങൾ
'കുന്തവും തോക്കും വേണ്ട
സഹനത്തിൻ സമരം മാത്രം
ജയിക്കും നമ്മളീ മണ്ണിൽ
പോരാടൂ സഹജരെ
വാളെടുത്താലോ നമ്മൾ
വാളാലെ മരിച്ചീടും
ദൂരെകളഞ്ഞീടൂ മാരകായുധമെല്ലാം'
സ്വാതന്ത്ര്യമരികെയെത്തി

സ്വർഗ്ഗ രാജ്യം പിറന്നതും
ആരോ കരുക്കൾ നീക്കുന്നു
ആരോ ചരട് വലിക്കുന്നു
വെട്ടി മുറിച്ചീടണം വേണം;
കക്ഷണങ്ങളാക്കണം.
വേണം , ചെങ്കോലും കിരീടവും
സിംഹാസനത്തിലമരണം
സ്വാതന്ത്ര്യം നേടി തന്ന,
ത്യാഗിയെ മറക്കുന്നു
അധികാരം കൈക്കലാക്കാൻ
ആഞ്ഞു വീശുന്നു വാളുകൾ
നിഷ്ഠൂരം  ഗൂഢമായി
കരുക്കൾ നീക്കി കളങ്ങളിൽ
വെടിയുതിർന്നു കുഴഞ്ഞുവീണു,
കർമ്മഭൂമിയിലാത്യാഗി

കണ്ണുനീരണിയുന്നു
കറതീരാത്ത ജന്മങ്ങൾ
കപട നാടകമാടിയിട്ടു
സ്മാരകങ്ങൾ പണിയുന്നു
പാരതന്ത്ര്യം തിരിച്ചെത്തുന്നു
പല മാർഗ്ഗങ്ങളിലൂടെയും
സ്വാതന്ത്ര്യം വീണ്ടുകിട്ടാനിനിയും
ഗാന്ധി ജനിയ്ക്കണം

കവിത





ബിന്ദു പത്മകുമാർ

# മുഖംമൂടികൾ

ആത്മാർത്ഥതയുടെ
മുഖംമൂടിയണിഞ്ഞ
മാന്യതകൾ
പല്ലുഞെരിച്ച്
പുഞ്ചിരിക്കുന്നു.

ഓരോ ചിരികളും
മിഴികളിൽ പൂത്തുവിടർന്ന്
കൂർത്ത മുൾമുനകളായി
കൊഴിഞ്ഞു വീഴുന്നു.

നേർത്ത വിങ്ങലിന്റെ
വിഹ്വലതകൾ നെഞ്ചേറ്റി
കരച്ചിലുകൾ
പിടഞ്ഞുമരിക്കുന്നു.

കനിവിന്റെ കിരണങ്ങൾ
ഒരുമാത്ര ഒന്നെത്തി നോക്കി
അറിയാത്ത ഭാവത്തിൽ
പിന്തിരിഞ്ഞ് നടക്കുന്നു.

മുഖംമൂടികൾക്കുള്ളിലെ
വാക്കുകളിൽ
മുത്തുവീഴും നിശ്ശബ്ദത
ചൂഴ്ന്നു നിൽക്കുന്നു.

മൊഴിഞ്ഞു തീർക്കാൻ
കഴിയാത്ത തേങ്ങലുകൾക്ക്
ഗദ്ഗദങ്ങൾ
അകമ്പടിപോവുന്നു.

വെറുതെ കരയുകയും
ചിരിക്കുകയും
ചെയ്യുന്ന മുഖങ്ങൾക്കു ചുറ്റും
പാകമാകാത്ത
മുഖംമൂടികൾ ഉഴറി നടക്കുന്നു
മറന്നുപോകാത്ത
വേഷങ്ങൾ തേടി.
അകന്നുപോകുന്ന
പൊയ്മുഖങ്ങൾ തേടി.

# ജൂൺ അഞ്ച്



പറമ്പിൽ നല്ല വരിക്ക പ്ലാവു വച്ചു.
പച്ചച്ചാണകമിട്ടുകൊടുത്തു.
നല്ലവണ്ണം നനവു നൽകി.
കരിയില കൊണ്ടും
മണ്ണു കൊണ്ടും പുതച്ചു.
അപ്പോഴേക്കും
പുതു മഴ വന്ന്
ഇക്കിളിക്കൂട്ടി കടന്നു പോയി.

വർഷങ്ങൾക്കപ്പുറം
കിളികളും
അണ്ണാർക്കണ്ണനും
ഇതിന്മേൽ കൂടുകൂട്ടും.
കുരുന്നുകൾ
താഴെ
മണ്ണപ്പത്തിന്റെ
വസന്തകാലമാഘോഷിക്കും.

കാറ്റേ
അന്ന്
നീ അവരോട് പറയുമോ
ഇതൊരാൾ
ഒരു
ജൂൺ അഞ്ചിന് നട്ടതാണന്ന്.
അവളിപ്പോഴുമീയുമ്മറത്ത്
പല്ലില്ലാത്ത
ഓർമ്മകളുടെ കസേരയിലിരിപ്പുണ്ടന്ന് ........



**ദിവ്യാസതീഷ്**

# വരികൾ പിറവി കൊള്ളുമ്പോൾ



അലിഷ മാഹിൻ

എത്രയോ തിരുത്തലുകൾക്ക് ശേഷമാകണം
ഓരോ വരികളും ജനിക്കുന്നത്.

ഓരോ തിരുത്തലുകളിലും വിടരാൻ കൊതിച്ച
എത്രയോ വാക്കുകളെ കൊന്നുകളയുന്നുണ്ടാവണം..

വായിക്കുന്നവർക്കെന്ത് തോന്നുമെന്ന കാരണം കൊണ്ട്
ഏതൊക്കെ ആശയങ്ങൾ വേണ്ടെന്ന് വെച്ചിരിക്കണം..

വിശദീകരിക്കാനുണ്ടായിട്ടും പല എഴുത്തുകൾക്കും
പരിധി നിശ്ചയിച്ച് കാണണം..

വരികളിൽ ജീവിതം തിരയുമെന്ന പേടി കൊണ്ട്
എത്ര എഴുത്തുകൾ വെളിച്ചം കാണാതെ പോയിട്ടുണ്ടാവണം..

വെളിച്ചത്തു വന്ന എഴുത്തുകളിലെത്രയെണ്ണം
കുറ്റപ്പെടുത്തലുകൾക്ക് വിധേയമായിട്ടുണ്ടാവണം..

അംഗീകരിക്കപ്പെട്ട എഴുത്തുകളിലെ സന്തോഷം
പങ്ക് വെക്കുമ്പോഴും പ്രിയപ്പെട്ട എന്തൊക്കെയോ
മറഞ്ഞു നിൽപ്പുണ്ടാവണം..

സങ്കടങ്ങൾ വരികളായപ്പോൾ എത്ര നല്ല
സൗഹൃദങ്ങൾ കിട്ടിയിരിക്കണം..

വരികൾക്ക് മറുവരികളായി കിട്ടിയ വാക്കുകൾ
തകർച്ചയിലും ഒരു കൈ തന്നിരിക്കണം..


വാക്കുകളുണ്ടായിട്ടും ചേർത്ത് വെക്കാൻ
ആശയങ്ങളില്ലാതെ എത്ര ദിവസങ്ങൾ
അലഞ്ഞു നടന്നിരിക്കണം..

നിമിഷങ്ങൾ കൊണ്ട് എഴുതിയ എത്രയോ
എഴുത്തുകളുണ്ടാവണം..

എങ്ങനെ അവസാനിപ്പിക്കണമെന്നറിയാതെ
ചില എഴുത്തുകൾ എത്രയോ
ദിവസം മാറ്റി വെച്ചിരിക്കണം..

ഇനിയുമെത്രയോ വാക്കുകളെ
തിരുത്തലുകൾ കൊണ്ട് കൊന്നിട്ട് വേണം
പുതിയ നല്ലെഴുത്തുകൾ പിറവി കൊള്ളാൻ..

അതിലെത്രയോ എഴുത്തുകളിനിയും
വെളിച്ചം കാണാതെ പോകണം......



കഥ

# അപ്പുറം





ജസ്ന ഖാനൂൻ

തന്റെ മകൻ യു എസിലാണ് പഠിക്കുന്നതെന്ന് അഭിമാനത്തോടെ പറഞ്ഞു

നിർവൃതി കൊള്ളുന്ന സീതാമ്മയെ ആദരവോടെയും തെല്ലു അസൂയയോടെയും നോക്കിയിരിക്കാനേ രാധമ്മയ്ക്ക് പറ്റിയുള്ളൂ.

മകന്റെ വിളി വരാറായെന്നും പറഞ്ഞു അവർ പെട്ടന്ന് തന്നെ വീട്ടിലേക്കോടിപ്പോയി.

വീട്ടിലിരുന്നു ഒരു ഗവണ്മെന്റ് ജോലിക്ക് വേണ്ടി രാപ്പകലില്ലാതെ കുത്തിയിരുന്ന് പഠിക്കുന്ന തന്റെ മകനെ നെഞ്ച് വിങ്ങുന്ന വേദനയോടെ അവർ മനസ്സിലോർത്തു.

പകൽ സമയം ഒരു തുണിക്കടയിൽ സെയിൽസ് മാൻ..രാത്രിയിൽ പഠനം.

'ന്നെ പരീക്ഷിച്ചു മതിയാവാഞ്ഞിട്ടാണോ ന്റെ കുട്ടനെയും..'

ഓട്ടോ ഓടിച്ചു തനിക്കു കിട്ടുന്ന ചില്ലറ തുട്ടുകൾ എങ്ങോട്ടേക്കാണ് ഒഴുകി മറയുന്നതെന്നു പോലും തിരിച്ചറിയാൻ പറ്റാതെ പാടുപെടാൻ മാത്രമാണല്ലോ വിധിയെന്നോർത്തു കണ്ണുകൾ നിറഞ്ഞൊഴുകി.

നെഞ്ച് വിങ്ങിയമരുന്നുണ്ടായിരുന്നു ... പക്ഷേ വർഷങ്ങളായി തേച്ചോട്ടിച്ചു വെച്ച പുഞ്ചിരി അപ്പോഴും തെളിഞ്ഞു രാധമ്മേടെ മുഖത്ത്.

ഇതൊക്കെ കേട്ട് അപ്പുറത്തെ മുറിയിൽ പഠിച്ചു കൊണ്ടിരുന്ന കുട്ടൻ അമ്മയുടെ അടുക്കലെത്തി. അമ്മയെ ചേർത്ത് നിർത്തി കൊണ്ട് പറഞ്ഞു.

'മ്മേ മ്മക്കും വരും ഒരു നല്ല ദിവസം.... ഒരു നല്ല ജീവിതം... ഞാൻ കൊണ്ടുപോകും ന്റെ മ്മേനെയും യു എ സ് ലേ ക്ക്..'

പൊട്ടിക്കരഞ്ഞു പോയി ആ അമ്മ...

'ജീവിച്ചില്ലേലും ഇങ്ങനൊരു വാക്ക് മതീല്ലോ ന്റെ കുട്ട്യേ നിക്കൊരു ബലത്തിനു ' അവർ ഏങ്ങിയേങ്ങി പറഞ്ഞു.

തിരക്കിനിടയിൽ സീതാമ്മ മറന്നു വെച്ച അവരുടെ കണ്ണട തിരിച്ചു കൊടുക്കാൻ വീട്ടുപടിക്കലെത്തിയ രാധമ്മ കേട്ടത് കരച്ചിലും അടക്കിപറച്ചിലുമായിരുന്നു. ജപ്തിയെന്നും.. ഇളവുകഴിഞ്ഞെന്നും മറ്റും അവരുടെ ഭർത്താവ് സോമേട്ടൻ

പറയുന്നത് അവ്യക്തമായി കേൾക്കുകയും ചെയ്തു. അവരുടെ സ്വകാര്യതയിലേക്ക് കടക്കേണ്ടെന്നു കരുതി രാധമ്മ സ്വന്തം വീട്ടിലേക്കു തന്നെ മടങ്ങി. അസ്വസ്ഥമായ മനസ്സിനെ നിയന്ത്രിക്കാനാവാതെ കുട്ടനോട് ആ കാര്യം രാധമ്മ പേടിയോടെ അവതരിപ്പിച്ചു...അപ്പോൾ കുട്ടൻ നിർവികാരനായി പറഞ്ഞു.

' മ്മ പേടിക്കല്ലേ.. ഞാൻ പറയാം. ജിത്തൂന് യു എസ് പോയി പഠിക്കാൻ ആ വീട് പണയം വെച്ചായിരുന്നു... പക്ഷേ മ്മടെ ജിത്തൂന് അതൊന്നും ഇപ്പോൾ ഓർമയില്യ.... സോമേട്ടൻ കുറച്ചു ദിവസങ്ങൾക്കു മുൻപ് ന്റെ മുൻപിൽ പൊട്ടി കരഞ്ഞായിരുന്നു.. നിസ്സഹായനായി നോക്കി നിക്കാനേ പറ്റിയുള്ളൂ മ്മാ നിക്ക്..

ന്നെ പോലത്തെ മകനെ കിട്ടിയ അമ്മ ഭാഗ്യവതിയാണെന്നും പറഞ്ഞു.. '

'അന്നോർക്കുന്നില്ലേ മ്മ.. ഞാൻ രണ്ടാമതും പരീക്ഷയിൽ തോറ്റപ്പോൾ എല്ലാവരും കളിയാക്കി ന്റെമ്മേനെയും ന്നെയും... അന്ന് മ്മാ ന്നോട് ചോദിച്ചില്ലേ മരിക്കാൻ പേടിയുണ്ടോന്നു.... അന്നെനിക്കുത്തരമില്ലായിരുന്നു... ഇന്ന് ന്റമ്മ പറയ്യ്... മരിക്കണോ..????'

കാലങ്ങൾക്കിപ്പുറം യു എസ് അംബാസ്സഡോർ പദവിയിൽ ഇരുന്ന് കൊണ്ട് നാട്ടിലേക്കു ലീവിന് വരുമ്പോൾ കുട്ടന്റെ മനസ്സിലേക്ക് ആ രംഗം ഒരു മിന്നൽ പിണർ പോലെ തിളങ്ങി മാഞ്ഞു പോയി.....ഒന്ന് കൊളുത്തി വലിച്ച പോലെ.

പക്ഷേ, ഈ യാത്രയിൽ കുട്ടന്റെ കൂടെയുള്ളത് നിശ്ചയദാർഢ്യമുള്ള ഒരു മനസ്സും അസൂയാവഹമായ പദവിയും മാത്രമല്ല ലോകം കീഴടക്കിയ ആത്മവിശ്വാസത്തിലിരിക്കുന്ന തന്റെ അമ്മ കൂടിയാണ്.. വിജയശ്രീലളിതനായ കുട്ടന്റെ മുഖത്തും ഒരു പുഞ്ചിരി വിരിഞ്ഞു.. ഒരായിരം റോസപുഷ്പങ്ങൾ വിരിഞ്ഞപോലെ.

ആഡംബര കാറിൽ തന്റെ മകന്റെ തോളിൽ ചാഞ്ഞൊരു ചെറു മയക്കത്തിലായിരുന്നു രാധമ്മ...!





കെ.സന്തോഷ്

# പെണ്ണൊരുത്തി

ആണൊരുത്തൻ വന്നു ചൂളം വിളിച്ചാൽ
ചൂളുന്ന നീയോടി പെണ്ണൊരുത്തി!..

അറുവാക്ക് മറുവാക്ക് പറയുന്ന നേരത്ത്
പതറുന്ന നീയോടി പെണ്ണൊരുത്തി

പനയോല വാതിലിൽ കാറ്റുതട്ടുമ്പോൾ
ഞെട്ടുന്ന നീയോടി പെണ്ണൊരുത്തി

കെറുവിച്ചും കറിവെച്ചും കരിയുള്ളമൂലയിൽ
പുകയുന്ന നീയോടി പെണ്ണൊരുത്തി

കലികൊണ്ട കർക്കിട പേമഴ പോലെ,
ചീറാത്ത നീയോടി പെണ്ണൊരുത്തി

അരിവാളിൻ തുമ്പത്ത്,
നെൽക്കതിർ പോലെ
കിണിക്കാത്ത നീയോടി പെണ്ണൊരുത്തി

നിറപാതിരാപോലെ മുടിയഴിച്ചങ്ങനെ,
കുടയാത്ത നീയോടി പെണ്ണൊരുത്തി.

# വറ്റാത്ത പ്രതീക്ഷകൾ

കവിത



ശഫീഖ് അബ്ദുല്ല

തെക്കേത്തൊടിക്കപ്പുറത്തെ
മൈതാനത്ത്
പന്തുരുളാത്തതിനാലാവണം,
പുൽക്കൊടികൾ
ആകാശത്തേക്ക് നോട്ടമെയ്ത്
തുടങ്ങിയത്.

അമ്പലവഴിയിലെ
ആൽമരച്ചോട്ടിൽ
പൊഴിഞ്ഞു വീണ ഇലകളൊക്കെ
വീണിടത്തതേ കിടപ്പാണ്,
വിരിച്ചു വെച്ച തണലിനു കീഴെ
അനക്കമില്ലാതെ.

പങ്കുവെക്കപ്പെടാനില്ലാത്ത
പരിഭവങ്ങൾ പേറി
പൂക്കളെത്രയാണ്
പുഞ്ചിരി മാഞ്ഞ്
മണ്ണോടു ചേരുന്നത്?

സായാഹ്നങ്ങളെത്രയാണിങ്ങനെ
സൗഹൃദങ്ങളുടെ
സൗഭഗമില്ലാതെ
പടിഞ്ഞാറിനെ
ചുംബിക്കുന്നത്?

എങ്കിലും,
അസ്തമയത്തിനു
വിട്ടു കൊടുക്കാത്ത
പ്രതീക്ഷകളുടെ
പൊൻപുലരിയിലാണ്
വസന്തം വിടരുന്നത്.



റസിയ പയ്യോളി



# വറച്ചട്ടിയിൽ ഒരു പെൺകുട്ടി

**ഹോ**സ്പിറ്റലിന്റെ അഞ്ചാം നിലയിലെ സ്റ്റാഫ് റൂമിലേക്ക് കയറി കൈയിലെ ബാഗ്

ടേബിളിൽ വെച്ചവൾ ചുമരിലേക്ക് ചാരിയിരുന്നു.തല ചുമടിറക്കിയ ചുമട്ടുതൊഴിലാളിയുടെ ആശ്വാസം ആ മുഖത്ത്.മനസ് എന്തിനൊക്കെയൊ ശാഠ്യം പിടിക്കുന്നു.അതിന്റെ തിരയിളക്കം

കണ്ണുകളിൽ നല്ലോണ മുണ്ട്.ഹൃദയാന്തരാളങ്ങളിൽ കനത്ത വേദന.

ആശുപത്രിയിൽ തിരക്കോട് തിരക്കാണ്. നിന്നു തിരിയാൻ സമയമുണ്ടാവില്ല. അവൾ നെടുവീർപ്പാലെ കതകിന് മറവിൽ നിന്നു.മറ്റൊരാൾ അറിയാൻ പാടില്ലാത്ത സങ്കടങ്ങൾ അവളിലുണ്ട്.മനസിൽ വ്യാകുലതകൾ മാത്രം. ഈശ്വരാ.. എത്ര ദിവസായി അമ്പല നടയിലേക്ക് പോയിട്ട്. നെറ്റിയിൽ ഉണങ്ങി കിടന്ന ഭസ്മ കുറിയിൽ തൊട്ടു നോക്കി.എന്റെ മനസിലെ ചൂടിൽ ഭസ്മവും കരിഞ്ഞിരിക്കുന്നു.എന്തി നായിരുന്നു ഞാനീ പ്രമാണിയെ സ്നേഹിച്ചത്. ചേറിലും ചെളിയിലും പണിയെടുക്കുന്ന കീഴാളന് എന്നെ വഞ്ചിക്കാൻ തോന്നുമായിരുന്നില്ല.

കേൾക്കാൻ മറ്റൊരാൾ ഇല്ലെങ്കിലും അവൾ പറഞ്ഞു.കുടുംബത്തിന്റെ നാഡീസ്പന്ദനം ചെവിയിലടിക്കുന്നു. അച്ഛൻ അച്ഛമ്മ അമ്മ അനിയത്തി. അവളതിൽ സദാ തൊട്ടും തലോടിയും കൊണ്ടിരിക്കുന്നു.കടുത്ത ചിന്തയിൽ നിരാശ മൂടിയ മുഖം താഴ്ത്തിയിട്ടു.കൈയിൽ അഴിച്ച യൂണിഫോം.മനസിൽ സ്വപ്നങ്ങളുടെ ഒരു കുഞ്ഞു പെട്ടി.ജോലി തിരക്കോർത്ത് അവൾ വല്ലാതെ കിതച്ചു.വൻമതിലും കടന്നു ചാടും. എന്നാലും പിന്നോട്ടേക്കൊഴുകില്ല. ആടി ഉലയുന്ന മനസിനെ കുറ്റിയിൽ പിടിച്ചുകെട്ടി.

മനസിൽ പ്രണയം മൊട്ടിട്ട സമയം മുന്നിൽ എത്തിയ രൂപേഷ് അവൾ ഏറെ ഇഷ്ടപ്പെട്ട പുരുഷനായിരുന്നു. വാക്കുകൾക്ക് മുന്നിലെ ചിരിയിൽ തന്നെ വീണ് പോയിരുന്നു.അഞ്ചാം നിലയിലെ ലിഫ്റ്റിനു മുന്നിൽ ഇന്നലെ ദുബായിൽ നിന്നെത്തിയ തന്നെ തേടിയെത്തുന്ന രൂപേഷിനെയും കാത്തിരിക്കുന്നു അവൾ.ഓടികിതച്ചു കൊണ്ട് ലൈലാ സിസ്റ്ററെത്തി.

അനുശ്രീ ഇപ്പൊ നീ ഒന്നും രൂപേഷിനോട് ചോദിക്കരുത്. പറയരുത്. എന്താണ് അവൻ പറയുന്നതെന്ന് നോക്കണം. അതാണ് ബുദ്ധി.കാരണം നമുക്ക് കിട്ടിയ അറിവ് മറ്റൊരാൾ പറഞ്ഞതാണ്.. നിക്ക് കൊറേ പറയണം.

പൊതുവെ ശാന്തശീലയായ അനുശ്രീയുടെ അപ്പോഴത്തെ മുഖം കണ്ട് സിസ്റ്റർ പേടി



ച്ചു.പ്രണയം എത്ര പെട്ടെന്നാണ് മനുഷ്യനെ മാറ്റിമറിക്കുന്നത്.

സിസ്റ്ററിന് ഇത് പുതിയൊരറിവാണ്. അവർ അനുവിന്റെ കൈയിൽ പിടിച്ചു.അതുവരേയും അവളുടെ മാനസികാവസ്ഥ മനസിലാക്കി നിശബ്ദം കേട്ട് നിൽക്കുകയായിരുന്നു സിസ്റ്റർ.

കൊഴിഞ്ഞു പോയ വസന്തവും മാഞ്ഞു പോയ നിലാവും കാത്തിരുന്ന് അവസാനിക്കാതെ പോയ ഇരുണ്ട ദിനങ്ങളും ഉള്ളിൽ.അവളുടെ മനസിന്റെ കരയിലേക്ക് കൊടുങ്കാറ്റാണ് വീശുന്നത്.

പ്രണയത്തിന്റെ പൊട്ടിപോയ രസച്ചരട് അവൾ വലിച്ചെറിഞ്ഞു.

രൂപേഷ് സ്നേഹത്തിന്റെ ആൾരൂപം എന്നാണ് ഡയറിയുടെ ഒമ്പതാം പേജിൽ ഞാൻ നീലകളർ മഷിയിൽ കുറിച്ചിട്ടത്.കിട്ടാവുന്നതിൽ വെച്ചേറ്റവും നല്ലൊരു പങ്കാളിയാകും അവനെനിക്ക്.

അനൂ അതൊക്കെ ശരി. സഹിച്ചേപറ്റൂ പെണ്ണായി ജനിച്ചു പോയില്ലേടീ മ്മളൊക്ക..

അനു മുഖം കുടഞ്ഞു. ചോദ്യങ്ങൾ എത്തി നോക്കുന്ന കണ്ണുകൾ തുറന്നു തന്നെ കിടന്നു.ഇവൾ പറഞ്ഞതിനോട് ഞാൻ ഒരിക്കലും യോജിക്കൂല.ഈ പെണ്ണും ഒരു ജീവനാണ്. സങ്കടങ്ങള് വെര്മ്പൊ വേദനിക്ക്ന്ന ഒരു ഹൃദയം പെണ്ണിനൂണ്ട്.ഇനി ഒരിക്കലും ചേർക്കാനാവാത്ത പ്രണയത്തിന്റെ പൊട്ടി പോയ നൂലിഴകൾ നോക്കിയാണ് അവളത് പറഞ്ഞത്.

ഒരു കെട്ടുകഥ പോലെ ആയ് പോയെല്ലൊ.എന്തൊക്കെ ഓർമ്മകളെയാ കുഴിച്ചു മുടേണ്ടത്?? ന്റെ കിനാവള്ളി കരിഞ്ഞ് കെടക്കണ്..സ്നേഹിക്കുന്ന പുരുഷൻ പുതിയ മേച്ചിൽപുറം തേടുന്നതോടെ തീർന്നി

ല്ലെ ഒക്കെയും.

മറക്ക് ന്റെ അനു.

ഭിത്തിചാരി കനലെരിഞ്ഞ മനസുമായി അസ്വസ്ഥതയിൽ നിൽക്കുമ്പോൾ -ആൾകൂട്ടത്തിനിടയിൽ ദൂരെനിന്ന് ത

ന്നെ ആറടി പൊക്കക്കാരനെ അവൾ കണ്ടു.ആനന്ദപൂരിതമായ അന്തരീക്ഷത്തിൽ അനൂ എന്ന് വിളിച്ചയാൾ ഓടി അടുത്തെത്തി. മര്യാദയുടെ ഭാഗമായെങ്കിലും എങ്ങനെ ശ്രമിച്ചിട്ടും അവൾക്ക് ഒന്ന് ചിരിക്കാനൊ ചുണ്ടനക്കാൻ പോലും കഴിഞ്ഞില്ല.നിർവ്വികാരയായി നിൽക്കുന്ന അനുവിനെ കണ്ട് രൂപേഷ് ഞെട്ടി പോയി. മുഖം ഇരുണ്ടു. ചുണ്ടുകൾക്കനത്തു. വാക്കുകളെ എങ്ങനെ വലിച്ചെടുത്തിട്ടും പറയാൻ കഴിയാതെ അവൻ ഏറെ നേരം നിന്നു. തന്നെ ഏറ്റവും കൂടുതൽ വെറുക്കുന്ന ഒരാളുടെ മുന്നിലാണ് നിൽക്കുന്നതെന്ന തോന്നലിൽ നിശ്ചലനായി പോയി അവൻ.

എന്താ അനു നിനക്ക് സംഭവിച്ചത്.

ഏയ് ഒന്നൂല്ല.

അവളുടെ മുഖം വാടി കരിഞ്ഞിരിക്കുന്നു. കണ്ണുകൾ മറ്റാരെയൊക്കെയൊ തിരയുന്നു.നാലുപാടും നോക്കി അവൻ ചോദിച്ചു: അനു നിനക്ക് സുഖല്ലേ?

അതെ.അവൾ ആലോചനയിലാണ്.അത് മുഖത്ത് നിഴലിച്ച് നിൽക്കുന്നു.അവൻ

ആവേശത്തോടെ കൈ നീട്ടിയപ്പോൾ അടുത്തേക്ക് നിന്ന് കൈ കൊടുത്തെങ്കിലും ആ കണ്ണുകളിൽ അടഞ്ഞ് പോയ മനസും കുത്തിയൊലിക്കുന്ന വേദനകളും കാണാമായിരുന്നു..മുന്നിൽ തകർന്നു വീണ സ്വപ്ന സൗധങ്ങൾക്കിടയിൽ ചിതറിത്തെറിച്ച പ്രണയ ചിത്രവും. എന്നിട്ടും...കാരുണ്യ ചിറകുകൾ താഴ്ത്തി തരുമോ ഇവൻ?

അവൾ കൊതിച്ചു.

തലനാരിഴ കീറുന്ന തർക്കത്തിനൊന്നും അവളില്ല. അന്തിമ വിധിയിൽ പൊരുത്തപ്പെടുന്നവളാണ്.

എന്താ നിനക്ക് ?

അവൾ അതിന് മറുപടി പറഞ്ഞില്ല. എന്തൊക്കെയൊ പറയാനുണ്ട്.

നിന്നെ കാണാൻ ഒരുപാട് കൊതിച്ചു.

അതിനെന്താ ഞാൻ വന്നല്ലൊ.

ഇടയ്ക്കങ്ങ് ഫോൺ അറ്റന്റ് പോലും ചെയ്യാതെ എന്താമാറി നിന്നേച്ചത്.അത് പിന്നെ ജോലി തിരക്കായിരിക്കും അല്ലേ? ചോദ്യവും ഉത്തരവും അവൻ തന്നെ പറഞ്ഞു.

പ്രണയാർദ്ര നിമിഷങ്ങളിലെ രൂപേഷിനെ അവൾ ഓർത്തെടുത്തു.. കൗണ്ടറിനപ്പുറത്തെ വിശ്രമമുറിയിൽ നിന്ന് കൂട്ടുകാർ എത്തി നോക്കികൊണ്ടിരുന്നു.അനുശ്രീയെ കണ്ട് സഹികെട്ട് ലക്ഷ്മി പ്രഭയും മീനയും അടുത്തേക്ക് വന്നു. അതവൾക്കിഷ്ടപ്പെട്ടില്ല. ഒരു ചിരി കൊടുത്ത് അവർ പെട്ടെന്ന് പോയി. രൂപേഷിനെ നോക്കിയപ്പോഴുള്ള അവരുടെ പരുക്കൻ മുഖം അവനിൽ എന്തൊക്കെയൊ സംശയങ്ങൾ നാമ്പിട്ടു.

ഇങ്ങനെയൊരുത്തന്റെ മുന്നിലാണല്ലൊ എന്നെ എത്തിച്ചത്. വയസ് മുപ്പത് കഴിഞ്ഞു. എനിക്കിനി? വിവാഹ തൂവലുകൾ നോക്കിയാണ് അവളത് പറഞ്ഞത്.കണ്ട സ്വപ്നങ്ങളൊക്കെയും പിഴുതെറിയണൊ?.തന്നോട് മാത്രമായിരുന്നു ഈ ചോദ്യങ്ങൾ.

ഏത് വരണ്ട കണ്ണുകളേയും ഈറനണിയിക്കുന്ന വേദന ആ മുഖത്ത്.അവർക്കിടയിൽ കനത്ത മൗനം.

നോവിൻ പുകപടലങ്ങൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. ഒപ്പം ആളുകളുടെ ഒച്ചയും ബഹളവും

ഒരു സ്വകാര്യതക്കായി ഹോസ്പിറ്റലിനു പിറകിലെ സ്റ്റോർ റൂമിനരികിലെ വിജനമായിടത്ത് അവർ നിന്നു.രൂപേഷിന്റെ നിൽപ്പ് കണ്ടാൽ കുംഭസാരകൂടിനു മുന്നിലാണ് നിൽക്കുന്നതെന്ന് തോന്നും.എന്നാലൊ തെറ്റുകൾ ഏറ്റു പറയാനും അഗ്രഹിക്കുന്നില്ല.

കാവിലെ ഉത്സവത്തിന് രൂപേഷ് പാട്ട് പാടിയപ്പോൾ ഞാൻ വല്ലാതെ പ്രശംസിച്ചു.ഓർക്കുന്നുണ്ടൊ?

അനൂ എന്നും എന്റെ ഉള്ളിൽ നിനക്കുള്ള കീർത്തനമുണ്ട്. നീയെന്താ തലയ്ക്ക് വെളിവില്ലാതെ എന്തൊക്കെയൊ പറഞ്ഞ് കൊണ്ടിരിക്കുന്നു.എനിക്കൊന്നും മനസിലാകുന്നില്ല.ശബ്ദം പരുക്കനായി.രംഗബോധമില്ലാത്ത ഒരു കോമാളിയല്ല താനെന്ന് ബോധ്യപ്പെടുത്താൻ അവൾ ക്രോസ് ചെയ്തു..

ആ കീർത്തനം സ്ത്രീധനവുമായി വല്ലാതെ ബന്ധപ്പെട്ടുകിടക്കുന്നു അല്ലേ?

എന്തൊക്കെയൊ മനസിൽ വെച്ച് സംസാരിക്കുകയാണല്ലൊ നീ.

രൂപേഷിന്റെ ഫോണിൽ ബെല്ലടിച്ചു. വെങ്കയ്യ എന്ന് കണ്ടതോടെ അനുവിന്റെ മനസിൽ ഒരു ബോംബ് തന്നെ പൊട്ടി.കോൾ അറ്റന്റ് ചെയ്യാൻ കഴിയാതെ കട്ടായി. എനിക്ക് പെട്ടെന്ന് ഡ്യൂട്ടിയിലെത്തണം. അവൻ പറഞ്ഞു.

ബ്രോക്കർ വെങ്കയ്യ നല്ല സ്ത്രീധനം കിട്ടുന്ന പെണ്ണിനെ നോക്കി ശെരിപ്പെടുത്തി വെച്ചിരിക്കും.

അവൻ ഞെട്ടലോടെ ബബ...ഒരടി പിറക്കോട്ട് നീങ്ങി അല്പ മൗനത്തിനു ശേഷം ദേഷ്യത്തോടെ: നീ എന്തൊക്കെയാ ഈ പറയ്ന്നത്. എന്ത് പറയാൻ ആ ചോദ്യത്തിൽ തന്നെ അതിനുള്ള ഉത്തരമുണ്ട്.

അവന്റെ കണ്ണുകളിൽ ഒളിപ്പിച്ചു വെച്ച നിഗൂഢതകളൊക്കെയും മിന്നി മറിയാൻ തുടങ്ങി. ഒപ്പം യുക്തിബോധത്തോടെയും സമചിത്തതയോടെയും തീരുമാനിച്ചുറപ്പിച്ച കാര്യങ്ങളും മനസിലേക്ക് കടന്ന് വന്നു. അച്ചന്റെ അന്ത്യശാസനം സ്മൃതിപഥത്തിലേക്ക് വന്നു.

ആദരണീയമായ ഔന്നത്യം കിനാവു കണ്ട് നിരാശയുടെ പടുകുഴിയിൽ വീണു കിടക്കുന്ന എനിക്കിനി ഒന്നും കേൾക്കണ്ട. ദേഷ്യവും സങ്കടവും കൊണ്ടവൾ പിടഞ്ഞു.

നീലാകാശത്തിലേക്കവൾനോക്കിയത് വാക്കുകൾ നിയന്ത്രണത്തിൽ നിന്ന് പോകുമെന്നുള്ള അസ്വസ്ഥത നിറഞ്ഞ വീർപ്പ് മുട്ടലിലായിരുന്നു. എങ്കിലും മനസിനെപാട് പെട്ട് പിടിച്ചു. മുന്നിൽ അങ്ങോട്ടുമിങ്ങോട്ടും ഒഴുകികൊണ്ടിരിക്കുന്ന ജനസാഗരം.

രൂപേഷിനോടുള്ള അനുരാഗം ചോർന്നു പോയ കയ്പേറിയ മനസുമായവൾ തലതാഴ്ത്തിയിട്ടു.

നിന്റെ പരിമളം കാനഡയിലെ കാറ്റ് ദിവസവും എന്റെ കൈകളിലെത്തിക്കും.തന്നെ വശപ്പെടുത്താൻ രൂപഷ് സ്ഥിരം പറയുന്ന വാക്കുകൾ ഓർമ്മയിലേക്ക് വന്നപ്പോൾ അവൾ ഭ്രാന്തിയെ പോലെ.ഇറങ്ങി പോകാനാ പറഞ്ഞത് രൂപേഷിന്റെ ഡയലോഗുകൾ അവളെ ഭ്രാന്ത് പിടിപ്പിച്ചു. അവനെ കാണുന്തോറും നൂറ് ചോദ്യങ്ങൾ മുന്നിലേക്ക് തികട്ടി വന്നു.

എനിയ്ക്ക് എന്തൊക്കെയൊ നിന്നോട് പറയാനുണ്ട്. ഞാൻ പറയ്ന്നത് ഒക്കെയും നീ കേൾക്കണം.ഗോപി വക്കീലിൻെറ മോളെ ചാക്കിട്ട് പിടിച്ചു അല്ലേ? ഇത് കേട്ടതും പരിഭ്രാന്തി

യാലെ ഒരടി പിറകോട്ട് നീങ്ങി പോയി അവൻ. എന്തിനായിരുന്നു ഈ നാടകം കളി?എനിക്കതിന്റെ കാരണമറിയണം. ക്രൂരനായ ഒരുത്തനെ നെഞ്ചേറ്റി അതിന്റെ പേരിൽ നഷ്ടപ്പെട്ട സമയവും കൊതിച്ചു പോയ മനസിന്റെ നിരാശകളും തന്ന സങ്കടങ്ങളുമോർത്ത് അവൾ ചീറി.തന്റെ പ്രിയപ്പെട്ടവനെ പുൽകാൻ കാത്തിരുന്ന കൈകൾ നോക്കി അവൾ വിതുമ്പി. കണ്ണൻ മാഷിന്റെ രമ്മ്യയുമായി ആർടെ കല്ല്യാണാ ഒറപ്പിച്ചത്?അപ്പഴേക്കും നിയന്ത്രണം വിട്ടിരുന്നു അവൾക്ക്.റാസ്ക്കൽ എന്ന് വിളിച്ചെങ്കിലും ശബ്ദകോലാഹലങ്ങൾക്കിടയിൽ അവനത് മനസിലായില്ല.

ഓർത്തെടുത്ത വാക്കുകൾക്കൊപ്പം കാണുന്ന കണ്ണുകൾ തരിശ് ഭൂമിയായിരുന്നു. അത്രകണ്ട് ഒഴുക്കി കഴിഞ്ഞിരുന്നു.കബളിപ്പിച്ച് വിദഗ്ദമായി മുന്നേറാൻ കഴിയില്ലെന്ന നിരാശയിൽ അവൻ നിശബ്ദം നിന്നു. അപ്പഴേക്കും വലിയൊരാൾക്കൂട്ടത്തെ മുന്നിൽ കാണാമായിരുന്നു.അടഞ്ഞു പോയ ചങ്കുമായയാൾ ബേഗും തോളിലിട്ടിറങ്ങി.അനുശ്രീയ്ക്ക് മുന്നിൽ ഹൃദയം പൊട്ടി നുറുങ്ങുന്ന വേദന.ടവ്വൽ കൊണ്ടവൾ വിതുമ്പിയ ചുണ്ടുകളെ അമർത്തിവെച്ചു.

പേമാരി കുത്തൊഴുക്കിൽപ്പെട്ടവൾ ഓർമ്മകളുടെ തിരമാലകളിൽ കാണുന്ന വസന്തകാലമോർത്ത് വിതുമ്പി പോയി. ഏഴ് വർഷത്തെ തന്റെ പ്രണയ ജീവിത കഥ അറിയാത്തവരായി പരിചയത്തിൽ ഒരാളില്ല.ആരോടൊക്കെയാണ് പറഞ്ഞു തിരുത്തി കൊടുക്കേണ്ടത്. ഇത്യാദി ചിന്തകളിൽ സോഫയിലിരുന്നു അവൾ. നിശ്ശബ്ദം ആതുര സേവനത്തിന്റെ സ്നേഹ മന്ത്രവുമായി ആശുപത്രയിൽ സേവനമനുഷ്ഠിച്ച തന്നെ വലയിൽ വീഴ്ത്തിയ രൂപേഷ് എന്ന ഡ്രൈവറെ ഓർത്തെടുക്കുമ്പോൾ അവൾ തന്നെ തന്നെ ശപിച്ചു പോയി.

നീ കാരണം കത്തി തീരുന്ന ഇന്ധനം പോലെ സ്വയം എരിഞ്ഞ് തീർന്നത് ഞാനടക്കം മൂന്ന് പെൺകുട്ടികളാണ്. നിന്റെ പിന്നിലുള്ളത് ചോദ്യചിഹ്നമായി മൂന്ന് പെൺജീവിതങ്ങൾ.ഒന്നുമല്ലാതായി പോയവർ. റെജി, സയനോര ഇപ്പൊ ഞാനും.ഒക്കെയും അറിയാൻ താമസിച്ചു പോയി.കേൾക്കാൻ കാതോർത്തതും കൈപിടിച്ചതും നിന്നെ വിശ്വസിച്ചായിരുന്നു. വാക്കുകൾക്ക് താഴിട്ട് നെടുവീർപ്പുമായി അവൾ തിരിഞ്ഞു നടന്നു.ഒരു പുരുഷനേയും ഞാനിനി വിശ്വസിക്കില്ല എന്ന ശപഥവുമായി.